മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 04 No. 51 | THE ONLINE OFFICIAL NEWS BULLETIN | 2021 November 20

SEASON OF ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
21 ♪4 Suboroh dabthulto Annunciation to St. Mary ✠ Feast of the Entrance of St. Mary to the Jerusalem Temple	22 ♪8	23 ♪4	24 ♪8 205th Mem. of Sabha Jyothis Pulikkottil Joseph Mar Dionysius I ✠ 25th Mem. of Paulos Mar Gregorios ✠ (Kottayam Old Seminary)	25 ♪4 Comm. of St Clement of Rome	26 ♪8	27 ♪4 Comme. of St. Jacob Mapasco Sahada



പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് കൊച്ചി ഭദ്രാസനം നൽകിയ സ്വീകരണം.



പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് ഇടുക്കി ഭദ്രാസനം നൽകിയ സ്വീകരണം.



പരുമല സെൻറ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ പുതുതായി ആരംഭിച്ച Peadiatric Cardiology വിഭാഗത്തിന്റെ ഉദ്ഘാടനം 2021 നവംബർ 16-നു ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ പ്രശസ്ത പീടിയാട്രിക് കാർഡിയോളജിസ്റ്റ് ഡോ. സുൽഫിക്കർ അഹമ്മദ് നിർവ്വഹിച്ചു. പരുമല സെമിനാരി മാനേജർ, ഫാ.എം.സി കുര്യാക്കോസ്, ഹോസ്പിറ്റൽ സി.ഇ.ഓ. ഫാ.എം.സി. പൗലോസ്, ഡോ. ബിനുകുട്ടൻ (ചെയർപേഴ്സൺ, ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്, കേരള ചാപ്റ്റർ), ഡോ. ഷെറിൻ ജോസഫ് (മെഡിക്കൽ സൂപ്രണ്ട്), ഡോ. മഹേഷ് നളിൻ കുമാർ (സീനിയർ കൺസൾട്ടന്റ് & HOD കാർഡിയോളജി), ഡോ. രാജഗോപാൽ (കാർഡിയോ തൊറാസിക് & വാസ്കുലർ സർജൻ), ഡോ. സാജൻ അഹമ്മദ് (സീനിയർ കൺസൾട്ടന്റ്, കാർഡിയോളജി വിഭാഗം.), ഡോ. രോഹിൻ എബ്രഹാം (കൺസൾട്ടന്റ് പീഡിയാട്രീഷ്യൻ & നിയോനറ്റോളജിസ്റ്റ്), യോഹന്നാൻ പി. ഇ. (മാനേജിംഗ് കമ്മിറ്റി അംഗം), എന്നിവർ ആശംസ അറിയിച്ചു.

കോടതി ഉത്തരവ് ഓർത്തഡോക്സ് സഭയുടെ നിലപാടുകളെ സാധൂകരിക്കുന്നത്: ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്

കോട്ടയം: പാത്രിയർക്കീസ് വിഭാഗത്തിലെ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് കോട്ടയം ഭദ്രാസനത്തിലെ 122 പള്ളികളിൽ പ്രവേശിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയ കോട്ടയം മുൻസിഫ് കോടതിയുടെ ഉത്തരവ് ഓർത്തഡോക്സ് സഭയുടെ നിലപാടുകളെ സാധൂകരിക്കുന്നതായി കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്. ഭദ്രാസനത്തിലെ ഏതാനും അംഗങ്ങൾ ചേർന്നു നൽകിയ കേസിലാണ് നവംബർ 17-ന് കോടതി തീർപ്പ് കൽപ്പിച്ചിരിക്കുന്നത്.

ഭദ്രാസനത്തിലെ പള്ളികൾ എല്ലാം മലങ്കര ഓർത്തഡോക്സ് സഭയുടെ ഭാഗമാണെന്നും അവയെല്ലാം 1934-ലെ ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടണമെന്നും 1995-ലെ സുപ്രീംകോടതി വിധി അനുസരിച്ച് മാർ തീമോത്തിയോസ് മലങ്കരസഭയുടെ മെത്രാപ്പോലീത്താ അല്ലാത്തതിനാൽ അദ്ദേഹത്തിന് പ്രസ്തുത പള്ളികളിൽ പ്രവേശിക്കുവാൻ അധികാരമില്ലെന്നുമാണ് കോടതി തീർപ്പു കൽപ്പിച്ചിരിക്കുന്നത്. അദ്ദേഹം തന്റെ ആസ്ഥാനം പോലെ ഉപയോഗിച്ചിരുന്ന കോട്ടയം സെന്റ് ജോസഫ്സ് പള്ളിയും അക്കൂട്ടത്തിൽ പെടുന്നു. കോട്ടയം ഭദ്രാസനത്തിലെ 122 പള്ളികളും മലങ്കര ഓർത്തഡോക്സ് സഭയുടെ പള്ളികളാണെന്ന് ഒരിക്കൽക്കൂടി തെളിഞ്ഞിരിക്കുകയാണ്, തന്നെയുമല്ല മലങ്കര സഭ ഒന്നേയുള്ളു എന്ന സത്യവും, യാക്കോബായ സഭ എന്നൊരു വിഭാഗം മലങ്കര സഭയ്ക്കുള്ളിൽ നിലനിൽക്കുന്നില്ല എന്നുമുള്ള ഓർത്തഡോക്സ് സഭയുടെ നിലപാടുകൾ ഈ കോടതി വിധിയിലൂടെ വ്യക്തമാവുകയാണ്. ഇത്ര വ്യക്തമായ ഒരു കോടതി വിധിയെ മറികടക്കാൻ നിയമ നിർമ്മാണം നടത്തുമെന്നു പറയുന്നതു തന്നെ ലജ്ജാകരമാണെന്ന് അദ്ദേഹം പറഞ്ഞു.

Published by Dr. Geevarghese Mar Yulios Metropolitan on behalf of MOSC Media Department

ധൂർത്തും ധാരാളിത്തവും ഒഴിവാക്കണം, ആർപ്പുവിളികൾ നിയന്ത്രിക്കണം: പ. കാതോലിക്കാ ബാവ

നമ്പർ 41/2021

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

മഹാപുരോഹിത സന്ദേശം



കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പരിശുദ്ധ സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ നിങ്ങൾ ഓരോരുത്തരും നമുക്ക് നൽകുന്ന സ്നേഹത്തിനും കരുതലിനും പ്രാർത്ഥനകൾക്കും നമുക്കുള്ള നന്ദി വാക്കുകൾക്ക് അതീതമാണ്. നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും കൂടാതെ ദൈവം നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന മഹത്തായ ഈ നിയോഗവും ശുശ്രൂഷയും നിർവഹിപ്പാൻ നമുക്ക്കഴിയുന്നതല്ല എന്ന് നാം ഉറച്ച് വിശ്വസിക്കുന്നു. ഇപ്പോൾ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതായ സ്വീകരണങ്ങൾക്ക് നിങ്ങളേവരോടും നാം ഏറെ കടപ്പെട്ടിരിക്കുന്നു. നിരാലംബരെയും നിരാശ്രയരെയും ബന്ധിതരെയും പീഡിതരെയും അനാഥരെയും വിധവകളെയും ശുശ്രൂഷിപ്പാൻ നമുക്ക് ബാധ്യതയുണ്ട് എന്നുള്ള സത്യം നാം ഒരിക്കലും വിസ്മരിച്ചു കൂടാ. നാം അനാവശ്യമായി ചെലവഴിക്കുന്ന ധനം സമൂഹത്തിലെ അവശതയനുഭവിക്കുന്നവർക്കും കൂടി അർഹതപ്പെട്ടതാണ് എന്ന ബോധ്യം എപ്പോഴും നമ്മിൽ ഉണ്ടാകണം.

വാത്സല്യമക്കളെ, നിങ്ങൾ നമുക്ക് നൽകുന്ന സ്വീകരണങ്ങളിലെ ധാരാളിത്തം അൽപം അധികമാകുന്നുവോ എന്ന് മറ്റ് പലരെയുംപോലെ നമ്മുടെ ഹൃദയത്തിലും ഒരു സന്ദേഹമുണ്ട്. നിങ്ങളുടെ ഹൃദയത്തിൽ നമ്മോടുള്ള സ്നേഹം ഒരു റോസാപ്പൂവിൽ ഒതുക്കുന്നു എങ്കിൽ നമുക്ക് അത് ഏറെ സന്തോഷകരമാണ്. സ്വീകരണയോഗങ്ങളിൽ മാലകൾ, കുരിശുകൾ തുടങ്ങി വിലപിടിപ്പുള്ള എല്ലാ ഉപഹാരങ്ങളും ഒഴിവാക്കുവാൻ നാം നിങ്ങളോട് സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു. ഇതുവരെ ക്രമീകരിക്കപ്പെട്ടിട്ടുള്ള സ്വീകരണ യോഗങ്ങൾ വളരെ ലളിതമായ രീതിയിൽ നിർവഹിക്കുന്നതിന് നാം അനുവദിച്ചിരിക്കുന്നു.

2021 ഡിസംബർ മാസം ഒന്നാം തീയതി മുതൽ ഇടവകതലത്തിലുള്ള സ്വീകരണയോഗങ്ങൾക്കായി ക്ഷണിക്കുന്നത്ഒഴിവാക്കുകയും ഭദ്രാസനതലത്തിലുള്ള സ്വീകരണങ്ങൾ വളരെ ലളിതമായി ചുരുങ്ങിയ രീതിയിൽ മാത്രം ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്. നമ്മുടെ ഇടയിലുള്ള ധൂർത്തും ധാരാളിത്തവും ഒഴിവാക്കി, നമുക്കു ചുറ്റും പ്രയാസമനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി ആ തുക വിനിയോഗിക്കുവാൻ നാം നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. അതോടൊപ്പം സ്വീകരണയോഗങ്ങളിലെ ആർപ്പുവിളികൾ കഴിയുന്നിടത്തോളം നിയന്ത്രിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽപറഞ്ഞ കാര്യങ്ങളിൽ സഭാ മക്കളായ നിങ്ങളേവരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ


2021 നവംബർ മാസം 19-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

വചനം ജഡം ധരിക്കുന്നു

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



“കർണ്ണത്താൽ അവനെ കൈക്കൊണ്ടുദരേ പേറി...” ആരാധനാവർഷത്തിന്റെ ഒന്നാം കാലമായ അറിയിപ്പ് കാലത്തിന്റെ മദ്ധ്യത്തിൽ (നാലാം ആഴ്ച) എത്തുമ്പോൾ അറിയിപ്പുകളുടെ അറിയിപ്പായ ‘വചനിപ്പ്’ വി. മറിയാമ്മിൽ സംഭവിക്കുന്നു. ക്രിസ്തുവിന്റെ ‘മനുഷ്യാവതാര വ്യാപാര’ത്തിന്റെ ആരംഭം. വി. ലൂക്കോസ് ഏവൻഗേല്യസ്ഥ അത് കാല്പനിക ഭാവത്തിൽ വർണ്ണിക്കുമ്പോൾ വി. യോഹന്നാൻ ശ്ലീഹാ അത് സാത്വിക ഭാവത്തിൽ വെളിപ്പെടുത്തുന്നു.

“ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവം ആയിരുന്നു.” രക്തത്താലോ ജഡത്തിന്റെയോ പുരുഷന്റെയോ ഇഷ്ടത്താലോ അല്ല; മറിച്ച് ദൈവത്തിൽ നിന്നും അവൻ ജനിക്കുന്നു. വചനം ജഡമായി തീരുന്നു. ആ ദിവ്യ അനുഭൂതി കന്യക അനുഭവിക്കുന്നു. അവന്റെ ശക്തിയാലും ഹിതത്താലും അവനെ കർണ്ണത്താൽ (വചനത്തിന്റെ അറിയിപ്പിനാൽ) സ്വീകരിച്ച് ഉദരത്തിൽ വഹിക്കുന്ന അനുഭവം.

ലോകചരിത്രത്തിലെ മഹാത്ഭുതം ഏത് എന്ന ചോദ്യത്തിന് സഭാപിതാക്കന്മാർ നൽകുന്ന ഉത്തരം ‘ദൈവത്തിന്റെ മനുഷ്യവല്ക്കരണം’ എന്നാണ്. അത് രക്ഷണ്യ ചരിത്രത്തിന്റെ ഉദ്ഘാടനമാണ്. “കാലത്തികവിൽ കന്യക ഗർഭം ധരിച്ചു’വെന്ന് വചനം നമ്മോട് സാക്ഷിക്കുന്നു. ഡിസംബർ 25-ന് ക്രിസ്തു ജനനം നടന്നുവെങ്കിൽ മാർച്ച് 25-ന് (9 മാസം) വി. വചനിപ്പ് നടന്നിരിക്കണം. “ഒമ്പതു മാസം നിന്നെയേറ്റോൾ തൻ പ്രാർത്ഥനയാൽ...” എന്ന് പ. സഭ പാടുമ്പോൾ ഈ വചനിപ്പ് ഒരു തോന്നൽ വാദമോ വൈകാരിക അനുഭവം മാത്രമോ അല്ല; മറിച്ച് ഒരു ചരിത്ര യാഥാർത്ഥ്യമാണ് എന്ന് പഠിപ്പിക്കുന്നതിനാലാണ് മാർച്ച് 25-ന് വി. വചനിപ്പ് വലിയ പെരുന്നാളായി വി. സഭ ആഘോഷിക്കുന്നത്. ഒപ്പം ക്രിസ്തുവിന്റെ ജനനത്തിന് മുമ്പുള്ള അതിപ്രധാന സംഭവങ്ങളുടെ കേന്ദ്രസ്ഥാനം അലങ്കരിക്കുന്നതിനാൽ അറിയിപ്പ് കാലത്തിന്റെ ഗിരിശൃംഗമായി നാലാം ഞായറാഴ്ചയിലും വി. സഭ ഇത് വലിയ പെരുന്നാളായി ആഘോഷിക്കുന്നു.

യഹോവയുടെ ചട്ടങ്ങളും വിധികളും ആചരിച്ച് പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും അവയെ പ്രമാണിച്ചു നടക്കുന്നവർക്ക് അവൻ ദൈവമായിരിക്കുമെന്ന ന്യായപ്രമാണ തത്വങ്ങളിൽ വളർന്നവളാണ് വി. മറിയം. “സീയോൻ പുത്രിയേ, ഘോഷിച്ചുല്ലസിക്ക; സന്തോഷിക്ക; ഇതാ ഞാൻ വരുന്നു; ഞാൻ നിന്റെ മദ്ധ്യേ വസിക്കു”മെന്ന സഖറിയാ പ്രവാചകന്റെ പ്രവചനം അവളിൽ നിവർത്തിയാകുന്നു. പിതാവാം ദൈവം സ്വർഗ്ഗത്തിൽ നിന്നും നോക്കി വിശുദ്ധിയും മഹത്വവുമുള്ള വാസസ്ഥലത്തെയൊരുക്കി യുഗാരംഭം മുതലുള്ള വീണ്ടെടുപ്പുകാരനെ അയക്കുന്നുവെന്ന യെശയ്യാവിന്റെ ദർശനം ഇവിടെ യാഥാർത്ഥ്യമാകുന്നു. സന്തോഷിച്ച് നീതി പ്രവർത്തിക്കുന്നവരെ അതിനായി ഒരുക്കുന്നു. ദാവീദ് രാജാവിന്റെ ഭാഷയിൽ പറഞ്ഞാൽ, ഓഫീർ തങ്ക തുകലങ്കിയണിഞ്ഞ് തന്റെ വലതുഭാഗത്തു നില്ക്കുന്ന രാജ്ഞിയാക്കി അവളെ അഭിഷേകം ചെയ്യുന്നു.

പാപങ്ങളെ നീക്കുവാൻ പാപമില്ലാത്തവനായി അവൻ പ്രത്യക്ഷനായിയെന്ന് പൊതുവിന്റെ പ്രസംഗകനായ യോഹന്നാൻ സാക്ഷിക്കുന്നു. അവനിൽ വസിക്കുന്നവൻ പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടില്ല. സ്വന്ത പ്രാണനെ വച്ചുകൊണ്ട് സ്നേഹം എന്തെന്ന് പഠിപ്പിക്കുവാനാണ് അവന്റെ വരവ് എന്നും യോഹന്നാൻ പ്രഖ്യാപിക്കുന്നു.

യഹോവ അബ്രഹാമിന് നൽകിയ വാഗ്ദത്തം ആണ് കന്യകയിൽ പ്രത്യക്ഷമാകുന്നതെന്ന് എബ്രായ ലേഖകനും സാക്ഷിക്കുന്നു. മൽക്കിസദേക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതനായാണ് യേശു കടന്നു വരുന്നതെന്നും പറഞ്ഞ് നീതിയുടെ രാജാവും സമാധാന പ്രഭുവും വംശാവലികൾക്ക് അതീതനുമായ മഹാപുരോഹിതനായ യേശുവിനെ അവതരിപ്പിക്കുന്നു.

പഴയ-പുതിയ നിയമ വായനാ ധ്യാനങ്ങളിലൂടെ നമ്മെ ഒരുക്കിയതിനു ശേഷമാണ് വചനിപ്പ് എന്ന ആ വിത്ത് വിതയ്ക്കപ്പെടുന്നത്. ആരാധനയിൽ സംബന്ധിക്കുന്ന ഏതൊരു വിശ്വാസിയും വി. മറിയാമുമായി ഏകീഭവിക്കണം. ഗലീലയിലെ നസറേത്തിൽ നടന്ന സംഭവങ്ങളുടെ ചരിത്രപരമായ ഓർമ്മയിൽ അവസാനിക്കുന്നതല്ല വചനിപ്പ് പെരുന്നാൾ. മറിച്ച് വി. മറിയയെപ്പോലെ ‘നിന്റെ വാക്കു പോലെ എനിക്ക് ഭവിക്കട്ടെ’ എന്ന് പറഞ്ഞുകൊണ്ട് വചനത്തെ സ്വീകരിക്കുവാൻ ഓരോ വിശ്വാസിക്കും സാധിക്കണം.

‘മറിയാ’ എന്ന അരമായ പദം അർത്ഥ ഗംഭീരമാണ്. ഏലിയാ എന്നാൽ ‘ഏലിയാഹു’ അഥവാ ‘യഹോവ എന്റെ ദൈവമാകുന്നു’ എന്ന അതേ വ്യാകരണ തത്വത്തിൽ ‘മറിയാ’ എന്ന പദത്തിന് ‘യഹോവ എന്റെ ഇടയനാകുന്നു’ എന്ന് അർത്ഥം ലഭിക്കുന്നതായി കാണാം (മോർ - കർത്താവ്, മാറി - എന്റെ കർത്താവ്, മറിയാ = യഹോവ എന്റെ കർത്താവ്). ഈ വിശുദ്ധ പാരമ്പര്യത്തിൽ വളർന്നവളായതിനാൽ “കണ്ടാലും ഞാൻ അവിടുത്തെ ദാസി”യെന്ന് മറിയാം പറയുന്നു!

വചനിപ്പ് എന്ന ഈ മഹാത്ഭുതത്തെ വർണ്ണിച്ച് ധ്യാനിക്കുവാനുള്ള പിതാക്കന്മാരുടെ തീവ്ര ശ്രമമാണ് ഈ ദിവസത്തെ പ്രാർത്ഥനകൾ എല്ലാം തന്നെ. എന്നാൽ അവയുടെ പ്രാരംഭത്തിൽ തന്നെ അവർ ഏറെ വിനയത്തോടെ പറയുന്നു: ഈ രഹസ്യത്തെ വർണ്ണിക്കുവാൻ ഞങ്ങൾ തികച്ചും അപ്രാപ്തരാകുന്നു. ആകയാൽ ഞങ്ങളുടെ അകക്കണ്ണുകളെ തുറന്ന് അവയെ അനുഭവിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

അനാദിയിൽ നിത്യതയിൽ സൃഷ്ടിയല്ലാതെ ജനിച്ചവൻ രണ്ടാം ആദമായി കാലത്തികവിൽ കന്യകയുടെ ഗർഭത്തിൽ വസിച്ചുവെന്നും ആകയാൽ സ്ത്രീകളുടെ ഗണത്തിന് ബഹുമാനവും മഹത്വവുമുണ്ടെന്ന് കാണിച്ചുവെന്നും ഒന്നാം ഹവ്വായിൽ പാപം വർദ്ധിച്ചുവെങ്കിൽ രണ്ടാം ഹവ്വായായ മറിയമിൽ കൃപയും വർദ്ധിച്ചുവെന്ന് നാം ധ്യാനിക്കുന്നു. സമാധാനം ക്രിസ്തു സാന്നിദ്ധ്യമാണ്. ‘കൃപ ലഭിച്ചവളേ നിനക്കു സമാധാനം’ എന്ന വന്ദന വചനത്തിനു ശേഷം മാലാഖാ പറയുന്നത് ‘നമ്മുടെ കർത്താവ് നിന്നോടു കൂടെ ഉണ്ട്’ എന്നാണെന്ന് ഓർക്കണം. കർത്താവ് ഉള്ളിടത്ത് സമാധാനമുണ്ട്; സമാധാനം ഉള്ളിടത്ത് കർത്താവുണ്ട്.

ദൈവത്തിന്റെ മാതാവ്, സ്രഷ്ടാവിന്റെ മാതാവ് എന്നൊക്കെ വി. മറിയാമിനെ വിളിക്കുന്നത് താത്വികമായി ശരിയാണോ എന്ന് ചിന്തിച്ചിട്ടുള്ളവർ ഉണ്ട്. വി. മറിയം ഗർഭം ധരിച്ചത് വചനത്തെയാണെങ്കിൽ പ്രസവിച്ചത് ദൈവത്തെയാണ്. ദൈവത്തെ പ്രസവിച്ചവളെ ‘ദൈവമാതാവ്’ എന്ന് നിർബന്ധമായും വിളിക്കണം. ഇതാണ് പ. സഭയുടെ ഏറ്റവും ലളിതവും സുഗ്രാഹ്യവുമായ നിലപാട്. കാരണം വിശ്വാസത്തിന്റെ പ്രമാണ ഗ്രന്ഥമായ വി. വേദപുസ്തകത്തിലെ മാറ്റിക്കൂടാത്ത വാക്കുകളാണവ. ദൈവത്തെ പ്രസവിച്ചവൾ എന്നതിൽ കുറഞ്ഞ ഒരു വാക്കും വേദപുസ്തക സത്യത്തോട് ചേരുകയില്ല. അതുകൊണ്ടാണ് നെസ്തോറിനെ പ. സഭ വേദവിപരീതിയായി തള്ളിയത്.

സംശയം കൂടാതെ വി. മറിയാമിനെ ദൈവമാതാവ് എന്ന് വിളിച്ചവരിൽ ഒന്നാമൻ ഗബ്രിയേൽ മാലാഖയാണ്. “എന്റെ കർത്താവിന്റെ അമ്മ” എന്നും “സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവളെന്നും”, “നിന്റെ ഉദരഫലം അനുഗ്രഹിക്കപ്പെട്ടതെന്നും” സാക്ഷിച്ചത് എലിസബത്ത് അമ്മയാണ്. “നിന്നെ വഹിച്ച ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവ”യെന്ന് മാതാവിനെ പുകഴ്ത്തി സന്തോഷത്തോടെ പറയുന്ന പാരമ്പര്യം സുവിശേഷങ്ങളിൽ തന്നെ നാം കാണുന്നു. “കണ്ടാലും സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തു”മെന്ന് വി. മാതാവ് തന്നെ സാക്ഷിക്കുന്ന അനുഭവവും വി. വേദപുസ്തകത്തിൽ നാം കാണുന്നു. “വേദപുസ്തകം മാത്രം” എന്ന് പറയുകയും വേദപുസ്തകത്തിലെ ഈ അടിസ്ഥാന തത്വങ്ങൾ നിഷേധിക്കുകയും ചെയ്യുന്നവരെ വി. സഭ വേദവിപരീതികൾ എന്ന് ശക്തമായി വിളിക്കുന്നതിന്റെ കാരണം ഇവിടെ വ്യക്തമാണല്ലോ.

വി. മറിയാമിനെപ്പോലെ വചനത്തെ സ്വീകരിപ്പാനും ഗർഭം ധരിപ്പാനും വചനത്തിൽ വളരുവാനും നാം തന്നെ വചനം ജഡമായി തീർന്ന ക്രിസ്തുവിന്റെ ഭാവത്തിൽ ആയിതീരുവാനും സാധ്യമാകണം. പ. ദൈവമാതാവിന്റെ മാദ്ധ്യസ്ഥവും പ്രാർത്ഥനയും ആയതിന് നമ്മെ സഹായിക്കട്ടെ. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഭാജ്യോതിസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ മലങ്കര മെത്രാപ്പോലീത്താ:

ദേശത്തിന്റെയും ദേശീയസഭയുടെയും യുഗസംക്രമണ പുരുഷൻ

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

1. ഉപക്രമം

ഇന്ത്യൻ ദേശീയചരിത്രത്തിൽ യുഗസംക്രമണ പുരുഷൻ ആർ എന്ന അന്വേഷണത്തിന് രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെ പേർ മാത്രമേ സർവ്വസമ്മതമായി നൽകാനാവൂ. അതുപോലെ ഇന്ത്യയിലെ ദേശീയ സഭയായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഇതഃപര്യന്തമുള്ള ചരിത്രവഴിയിൽ യുഗസംക്രമണ പുരുഷൻ ആർ എന്ന ചോദ്യത്തിന് സഭാജ്യോതിസ് പരിശുദ്ധ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ മലങ്കര മെത്രാപ്പോലീത്താ എന്ന് മാത്രമേ വസ്തുനിഷ്ഠവും സത്യസന്ധവുമായ അന്വേഷണത്തിൽ നൽകാനാവൂ. പതിനാറാം നൂറ്റാണ്ടു വരെയുള്ള ക്രൈസ്തവസഭകളുടെ ചരിത്രം ദേശചരിത്രംപോലെ അവിച്ഛിന്നമോ യുക്തിഭദ്രമോ ആയി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. എ.ഡി. 1500-ന് ശേഷമുള്ള ചരിത്രം യഥാതഥമായി മുൻവിധികൾ കൂടാതെ പരിശോധിച്ചാൽ ചരിത്രപുരുഷനായി ഈ ലേഖനം വിലയിരുത്തുന്ന പരിശുദ്ധ പിതാവിനെപ്പോലെ സഭാചരിത്രത്തെയും ഒരുപക്ഷേ, ദേശചരിത്രത്തെ തന്നെയും ആരോഗ്യകരവും ആധുനികവും ആയ പ്രകാശത്തിലേക്കും നവോത്ഥാനത്തിലേക്കും സഫലമായി ഉപനയിച്ച മറ്റൊരു വ്യക്തിയെ കണ്ടെത്തുക അസാധ്യമാണ്. രണ്ടു നൂറ്റാണ്ടുമുമ്പ് ചരിത്രത്തിന്റെ ഭാഗമായിത്തീർന്ന ആ മഹാത്മാവിനെപ്പറ്റി സമഗ്രമായ അന്വേഷണവും പഠനവും ഗവേഷണവും നടത്തി അദ്ദേഹത്തിന്റെ സമഗ്രമായ ഒരു ചരിത്രം ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്കാ ബാവാ 1990-ൽ പ്രസാധനം ചെയ്തു പ്രസിദ്ധപ്പെടുത്തിയതോടെ തേജോമയമായ ആ യുഗസംക്രമണ പുരുഷന്റെ കർമ്മമേഖലകൾ ആദ്യമായി സാംസ്കാരിക ലോകത്തിന്റെ ശ്രദ്ധയിൽ അവഗണിക്കാനാവാത്തവിധം വജ്രശോഭയോടെ ജ്വലിച്ചുനിന്നു.

വി. മാർത്തോമ്മാ ശ്ലീഹാ എ.ഡി. 52-ൽ സ്ഥാപിച്ച പാലൂർ-ചാട്ടുകുളങ്ങരയിൽ (ആർത്താറ്റ് - കുന്നംകുളം മഹാഇടവക) ചുമ്മാർ-എളിച്ചി (ശെമവൂൻ-ഏലിശ്ബാ) ദമ്പതികളുടെ മകനായി ഭൂജാതം ചെയ്തു. 1740 നവംബർ 25-ന് ജനിച്ചതായിട്ടാണ് വിശ്വസിക്കപ്പെടുന്നത്. ഇട്ടൂപ്പ് എന്ന് ബാലന് പേരിട്ടു. പകലോമറ്റം ശ്രേണിയിൽ അഞ്ചാം മാർത്തോമ്മായുടെ ഭരണകാലമായിരുന്നു അത്. സാധുവായ കൈവെപ്പ് എന്ന പ്രശ്നത്തിലുണ്ടായ വിവാദങ്ങളെത്തുടർന്ന് നാലാം മാർത്തോമ്മായുടെ കാലത്ത് ആരംഭിച്ച് അഞ്ചാം മാർത്തോമ്മായുടെ ഭരണകാലമായിരുന്നു അത്. സാധുവായ കൈവെപ്പ് എന്ന പ്രശ്നത്തിലുണ്ടായ വിവാദങ്ങളെത്തുടർന്ന് നാലാം മാർത്തോമ്മായുടെ കാലത്ത് ആരംഭിച്ച് അഞ്ചാം മാർത്തോമ്മായുടെയും ആറാം മാർത്തോമ്മായുടെയും ഭരണകാലങ്ങളിലേക്ക് വ്യാപിച്ച പുത്തൻകൂർ-പഴയകൂർ തർക്കംമൂലം പാലൂർ-ചാട്ടുകുളങ്ങര പള്ളി ആരാധനകളില്ലാതെ പൂട്ടിക്കിടന്ന കാലമായിരുന്നു അത്. 1789-ൽ ടിപ്പു സുൽത്താന്റെ പടനായകന്മാർ ദൈവമാതാവിന്റെ പള്ളിയുടെ മേൽക്കൂര അഗ്നിക്കിരയാക്കി ചാട്ടുകുളങ്ങര അങ്ങാടി കൊള്ളയടിച്ച് സുറിയാനിക്കാരെ മതപരിവർത്തനത്തിന് ക്രൂരമായി ശ്രമിക്കുകയും ചെറുത്തുനിന്നവരെ വൃക്ഷശിഖരങ്ങളിൽ തൂക്കിക്കൊല്ലുകയും ചെയ്ത സംഭവം ചരിത്രപുരുഷനെ അഗാധമായി വേദനിപ്പിച്ചു. ചിറളയം പള്ളിയിൽ വൈദികഗുരുവായി മല്പാൻ പാഠശാല നടത്തിയിരുന്ന അദ്ദേഹത്തെ, ടിപ്പു സുൽത്താന്റെ നയതന്ത്രജ്ഞത ദേഹോപദ്രവം ഏല്പിച്ചില്ല. ആപത്ഭീതിയിലായ ചാട്ടുകുളങ്ങര നിവാസികളെ കുന്നംകുളം അങ്ങാടിയിൽ മണക്കുളം രാജാവിന്റെയും ചിറളയം രാജാവിന്റെയും (തലപ്പള്ളി സാമന്തരാജാക്കന്മാർ) സംരക്ഷണത്തിൽ അഭയം നൽകി.

2. നറുക്കെടുപ്പും പടിയോലയും

1800 ആകുമ്പോഴേക്കും ഇട്ടൂപ്പ് മല്പാൻ പാലൂർ-കുന്നംകുളം പ്രദേശത്തെ സുറിയാനി ക്രിസ്ത്യാനികളുടെ അനിഷേധ്യ വൈദിക നേതൃപ്രതിനിധിയായിത്തീർന്നു. കുന്നംകുളം സന്ദർശിച്ച ഫ്രാൻസിസ് ബുക്കാനനെ കുന്നംകുളം ചരിത്രം അറിയിക്കുന്നതും കൊച്ചിരാജാവിനെ സന്ദർശിച്ച് പൂട്ടിക്കിടക്കുന്നതും അഗ്നിക്കിരയായതുമായ ചാട്ടുകുളങ്ങര പള്ളിക്കുവേണ്ടി നിവേദനം നടത്തുന്നതും പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ ആണെന്ന് ഫ്രാൻസിസ് ബുക്കാനന്റെ കേരളവും (ഡോ. സി. കെ. കരീം) ആർത്താറ്റ് പള്ളിപ്പാട്ടും (1829-ൽ കുരിയപ്പൻ രചിച്ചത്) വ്യക്തമാക്കുന്നു. 1805-ൽ കൊച്ചി രാജാവ് ശക്തൻ തമ്പുരാന്റെ നിർദ്ദേശപ്രകാരം വന്ന മന്ത്രിയുടെ (പാലിയത്ത് അച്ചൻ) മദ്ധ്യസ്ഥതയിൽ ഇരു കക്ഷികളുടെയും സാന്നിദ്ധ്യത്തിൽ നറുക്കിട്ട് ദൈവമാതാവിന്റെ പള്ളിയും കുറെ സ്ഥലവും സുറിയാനിക്കാർക്കും കുരിശുപള്ളിയും കുറെ സ്ഥലവും കത്തോലിക്കർക്കും ലഭിച്ചതോടെ ഇട്ടൂപ്പ് മല്പാന്റെ പ്രശസ്തിയും പ്രസക്തിയും ശതഗുണീഭവിച്ചു. 1806-ലെ ആർത്താറ്റ് പടിയോലയുടെ പശ്ചാത്തലം ഇതാണ്. പതിറ്റാണ്ടുകളോളം തന്റെ മാതൃദേവാലയം പൂട്ടിക്കിടന്ന പാലൂർ സാഹചര്യവും നാലും അഞ്ചും മാർത്തോമ്മാ മെത്രാന്മാർ കൂനൻകുരിശു പ്രതിജ്ഞയുടെ വികാരത്തിന് വിരുദ്ധമായി, സഭയുടെ അനുമതി നേടാതെ റോമൻ സഭയുമായി അനുരഞ്ജനപ്പെടുവാൻ വിഫലശ്രമങ്ങൾ നടത്തിയതും ആറാം മാർത്തോമ്മാ ഔപചാരികമായി കത്തോലിക്കാസഭയിൽ ചേർന്ന് നിരാശയോടെ തിരിച്ചുവന്നതും മല്പാന്റെ മാർത്തോമ്മൻ പൈതൃകത്തെ രോഷംകൊള്ളിച്ചു. ഈ സവിശേഷ സാഹചര്യത്തിൽ അദ്ദേഹം പ്രഖ്യാപിച്ച സ്വാതന്ത്ര്യകാഹളമാണ് ആർത്താറ്റ് ചെപ്പേടിലെ പ്രതിജ്ഞാവാക്യം. പ്രത്യക്ഷത്തിൽ അത് ഒരു ദേവാ



ലയത്തിന്റെ മാത്രം പ്രതികരണമാണെന്ന് തോന്നാമെങ്കിലും അതിലുപയോഗിച്ച വട്ടെഴുത്ത്, താമ്രഫലകം, റോം, ബാബിലോൺ, അന്ത്യോഖ്യാ തുടങ്ങിയ കൊളോണിയൽ സാമ്രാജ്യങ്ങളുടെ പരാമർശം തുടങ്ങിയവ മലങ്കരസഭയെ ആകമാനം പ്രതിനിധാനം ചെയ്ത് മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ, മലങ്കരയുടെ തലപ്പള്ളി നടത്തുന്ന വിപ്ലവാത്മകമായ സ്വാതന്ത്ര്യ പ്രഖ്യാപനമാണ് അതെന്ന് സംശയരഹിതമായി വിലയിരുത്താവുന്നതാണ്. ബ്രിട്ടീഷ് ഭരണത്തിൻകീഴിലായിരുന്ന ഭാരതം വിദേശക്കോയ്മയ്ക്കെതിരെ ആദ്യത്തെ വിപ്ലവം (ശിപ്പായിലഹള) നയിച്ചത് വീണ്ടും ഒരു അഞ്ച് പതിറ്റാണ്ടിനുശേഷമാണ് എന്ന് ഓർക്കുമ്പോൾ ആർത്താറ്റ് പടിയോലയിലൂടെ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ പ്രദർശിപ്പിച്ച ക്രാന്തദർശിത്വവും ദേശീയബോധവും ഒരു യുഗസംക്രമണാചാര്യന്റേത് എന്ന് വിലയിരുത്താതെ വയ്യ.


3. പാലൂർ-ചാട്ടുകുളങ്ങര ദേവാലയത്തിന്റെ ശിൽപചാരുത

തർക്കമൊഴിഞ്ഞു കിട്ടിയ ജീർണ്ണിച്ച പള്ളി സെന്റ് തോമസ് പൈതൃകം കൊണ്ട് അനുഗ്രഹീതമായിരുന്നു. മലങ്കരസഭയിൽ ഏറ്റവും ബൃഹത്തായ ദേവാലയമായി അതിനെ ചരിത്രപുരുഷൻ പുനർനിർമ്മിച്ചു. രണ്ടു ഭാഗങ്ങളായി വേർതിരിക്കപ്പെട്ട മദ്ബഹാ ഭാവനാശാലികൾക്ക് കഥകൾ മെനയുവാൻ ഇടയാക്കിയിട്ടുണ്ട്. ദേവാലയത്തിന്റെ യഹൂദ പശ്ചാത്തലത്തോട് നീതിപുലർത്തിയിരുന്ന മുൻശില്പത്തെ അദ്ദേഹം തന്റെ നിർമ്മിതിയിൽ നിലനിർത്തുകയായിരുന്നു. ഈ പൂർവിക മാതൃകയാണ് ബിഷപ്പ് അബ്രഹാം അങ്കമാലിയിൽ കിഴക്കേ പള്ളി 16-ാം നൂറ്റാണ്ടിൽ പണിതപ്പോൾ അനുകരിച്ചത്. അങ്കമാലി കിഴക്കേപള്ളിയിൽ ഈ അപൂർവ്വത ഇന്നും ദൃശ്യമാണ്. നിത്യവും പുരോഹിതൻ പ്രാർത്ഥനകൾ നടത്തുന്ന ഒരു വിശുദ്ധ സ്ഥലം, അതിന്റെ കിഴക്ക് ആണ്ടിലൊരിക്കൽ മാത്രം പ്രധാന പുരോഹിതൻ ബലി അർപ്പിക്കുന്ന അതിവിശുദ്ധസ്ഥലം. ഈ രണ്ട് ഭാഗങ്ങളും ചേർന്ന മദ്ബഹായെപ്പറ്റി എബ്രായലേഖനത്തിൽ വി. പൗലൂസ് ശ്ലീഹാ നൽകുന്ന വിവരണം ഈ ശില്പത്തിന്റെ ചരിത്രസാധുതയെ അംഗീകരിക്കുന്നുണ്ട്.

4. കണ്ടനാട് പടിയോലയുടെ പിറവി

ഏഴാം മാർത്തോമ്മായുടെ ഹ്രസ്വജീവിതം അനേകരുടെ നിരാശയ്ക്ക് കാരണമായി. മേല്പട്ടസ്ഥാനത്തിന് യോഗ്യനല്ല എന്ന് ഏഴാം മാർത്തോമ്മാ വിധിയെഴുതിയ ഒരു സ്ഥാനാർത്ഥിയെ പകലോമറ്റം ഗ്രൂപ്പ് താൽപര്യക്കാർ രംഗത്തിറക്കി. കാലംചെയ്ത ഏഴാം മാർത്തോമ്മായുടെ കൈ തലയിൽ വെച്ച് കൈവെപ്പ് ശുശ്രൂഷ പൂർത്തിയാക്കി എന്നവകാശപ്പെട്ടുകൊണ്ട് പ്രസ്തുത സ്ഥാനാർത്ഥിയെ എട്ടാം മാർത്തോമ്മാ എന്ന് പ്രഖ്യാപിച്ച് പകലോമറ്റം ഗ്രൂപ്പ് കലാപത്തിന് തയാറായി. അനുകൂലിച്ചും പ്രതികൂലിച്ചും രണ്ട് പ്രബല ഗ്രൂപ്പുകളായി സഭ ധ്രുവീകരിക്കപ്പെട്ടു. വടക്ക് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും തെക്ക് കായംകുളം പീലിപ്പോസ് റമ്പാനുമായിരുന്നു അക്കാലത്തെ വൈദിക നേതാക്കൾ. അവർ ഗ്രൂപ്പുകൾക്കതീതമായി ചിന്തിച്ചു. ഏഴാം മാർത്തോമ്മായുടെ അടിയന്തിരദിവസം കണ്ടനാട് ചേർന്ന പള്ളിപ്രതിപുരുഷയോഗത്തിലേക്ക് അവർ രണ്ടുപേരും ചേർന്ന് ഒരു നിയമാവലി അവതരിപ്പിച്ചു. അതൊരു ഭരണഘടനയോ കാനോനോ എന്ന വിശേഷണം അർഹിക്കുന്നു. അതിന് വിധേയമായി എട്ടാം മാർത്തോമ്മായെ അംഗീകരിക്കാമെന്ന് അവർ നടത്തിയ ആഹ്വാനം യോഗത്തിനും എട്ടാം മാർത്തോമ്മായ്ക്കും സമ്മതമായി. അങ്ങനെ സഭയിലെ ഒരു കലാപാന്തരീക്ഷത്തെ അവർ ശാന്തമാക്കി; ഒപ്പം സഭയ്ക്ക് ലിഖിതമായ ഒരു കാനോൻ സർവസമ്മതമായി അംഗീകരിക്കപ്പെടുകയും ചെയ്തു. സഭയുടെ ദൂരവ്യാപകമായ വികസനവും വളർച്ചയും ക്രാന്തദർശിത്വത്തോടെ ആവിഷ്ക്കരിക്കുന്ന ആ രേഖ 1809-ലെ കണ്ടനാട് പടിയോല എന്ന പേരിൽ ചരിത്രത്തിൽ സ്ഥാനംപിടിച്ചു. പകലോമറ്റം ഗ്രൂപ്പ് താൽപര്യങ്ങളെ മുൻനിർത്തി രചിക്കപ്പെട്ട *നിരണം ഗ്രന്ഥവരി* കണ്ടനാട് പടിയോലയെ അവഗണിച്ചു എങ്കിലും *കണ്ടനാട് ഗ്രന്ഥവരി*യിൽ അതിന്റെ പൂർണ്ണരൂപം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

കണ്ടനാട് പടിയോലയിലെ പഠിത്തവീടുകൾ നിർമ്മിക്കാനുള്ള തീരുമാനത്തെയും യാക്കോബായക്കാരുടെ ആരാധനക്രമങ്ങൾ അംഗീകരിച്ചതിനെയുംപറ്റി ഉപരിപ്ലവമായ ചില പരാമർശങ്ങൾ അടുത്തകാലത്ത് പുറപ്പെട്ടതായി ശ്രദ്ധയിൽപെട്ടു. പാശ്ചാത്യ സുറിയാനിയുടെ പ്രചാരണത്തിനുവേണ്ടിയാണ് പഠിത്തവീടുകൾ സ്ഥാപിക്കാൻ ആഹ്വാനം ചെയ്തത് എന്ന് ഒരു നിരീക്ഷണം; അന്ത്യോഖ്യൻ ക്രമങ്ങൾ മലങ്കരസഭ സ്വീകരിച്ചു എന്ന് 'യാക്കോബായ' പരാമർശത്തെ മുൻനിർത്തി രണ്ടാമത്തെ നിരീക്ഷണം. കണ്ടനാട് പടിയോലയുടെ ശില്പികളായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായംകുളം



റമ്പാനും ജീവിതാവസാനം വരെ പൗരസ്ത്യ സുറിയാനിയാണ് ഉപയോഗിച്ചത് എന്നതിന് സുവ്യക്തമായ തെളിവുകൾ ഉണ്ട്. രണ്ടുപേരും എഴുതിയ പുസ്തകങ്ങളിൽ പാശ്ചാത്യ സുറിയാനി ഉപയോഗിച്ചിട്ടേ ഇല്ല എന്ന് ആ വിഷയത്തിൽ ഗവേഷണം നടത്തിയ ചരിത്രകാരന്മാർ തെളിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഒന്നാം നിരീക്ഷണം ബാലിശമായെന്നേ പറയാനാവൂ. 'യാക്കോബായ' പരാമർശം കണ്ടനാട് പടിയോലയിൽ ഉള്ളതിനെ ചൊല്ലിയാണല്ലോ രണ്ടാം നിരീക്ഷണം. അക്കാലത്ത് യാക്കോബായക്കാർ എന്ന് വിളിച്ചിരുന്നത് നോൺ കാൽസിഡോൺ സഭകളെ ഒന്നടങ്കമാണ്. അലക്സാന്ത്രിയൻ സഭയെ യാക്കോബായക്കാർ എന്ന് വിളിച്ചിരുന്നതിന് പി. ടി. ഗീവറുഗീസ് ശെമ്മാശന്റെ (പിൽക്കാലത്ത് ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്) ഗവേഷണ പ്രബന്ധം മതിയായ തെളിവാണ്. 1751-ൽ ശാക്രള്ളാ കാതോലിക്കായോടൊപ്പം വന്ന വിദേശമെത്രാന്മാർ അന്ത്യോഖ്യൻ പിതാക്കന്മാർ അല്ലെന്നും അവർ അർമ്മീനിയൻ പിതാക്കന്മാർ ആണെന്നും കരിയാറ്റിൽ യൗസേഫ് മല്പാൻ 'വേദതർക്കം' എന്ന കൃതിയിൽ സംശയരഹിതമായി പ്രസ്താവിച്ചിരിക്കേ അവരെ യാക്കോബായക്കാർ എന്ന് നിരീക്ഷിക്കുന്നതിനെ ഉപരിപ്ലവം എന്ന് പറഞ്ഞേ തീരൂ.

5. സങ്കീർത്തനവും സുവിശേഷങ്ങളും മലയാള ഭാഷയിൽ

മല്പാൻ പാഠശാലയിലെ വൈദികവിദ്യാർത്ഥികളെ ഉദ്ദേശിച്ച് കഥാപുരുഷൻ സങ്കീർത്തനപ്പുസ്തകം മുഴുവൻ സുറിയാനിയിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരുന്നു. അച്ചടിക്കപ്പെടാതെപോയ ആ വിവർത്തനത്തിന്റെ കൈയെഴുത്തുപ്രതികൾ ലഭ്യമാണ്. ക്ലോഡിയസ് ബുക്കാനൻ ആറാം മാർത്തോമ്മായെ 1806-ൽ സന്ദർശിച്ച് ബൈബിൾ വിവർത്തന പദ്ധതിയെക്കുറിച്ചുള്ള സ്വപ്നം പങ്കിട്ടപ്പോൾ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെയും കായംകുളം റമ്പാനെയും ഈ ദൗത്യത്തിലേക്ക് അദ്ദേഹം നിർദ്ദേശിച്ചത് അവരുടെ കഴിവും അഭിരുചിയും വിലയിരുത്തിയാണ്. വിവർത്തകരായി മൂന്ന് വൈദികരെ താൻ നിയമിച്ചു എന്ന് ബുക്കാനൻ തന്റെ ഡയറിയിൽ (മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മൂന്നാമത്തെ വൈദികൻ ആരാണെന്ന് നമുക്കിനിയും അറിഞ്ഞുകൂട. മഹാകവി ഉള്ളൂർ സാഹിത്യചരിത്രത്തിൽ ബൈബിൾ വിവർത്തനം ചെയ്തത് കായംകുളം റമ്പാനാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മലയാളം ബൈബിൾ 1811-ൽ പ്രസിദ്ധീകരിച്ച് അഞ്ചു വർഷം കഴിഞ്ഞ് 1816-ൽ തൃപ്പൂണിത്തുറ പള്ളി സന്ദർശിച്ച കൽക്കട്ട മിഷനറി ബിഷപ്പ് മിഡിൽട്ടൺ അവിടെ ബൈബിളിന്റെ മലയാളപരിഭാഷ കണ്ട് അത്ഭുതപ്പെട്ടു. ജോസഫ് റമ്പാനാണ് അത് തയാറാക്കിയത് എന്നും അദ്ദേഹമാണിപ്പോഴത്തെ മെത്രാൻ എന്നും മാർ ദീവന്നാസ്യോസ് എന്നാണ് അദ്ദേഹത്തിന്റെ പേര് എന്നും അതേ പേരുള്ള മുൻ മെത്രാന്റെ പ്രേരണയാൽ ആണ് ഈ വിവർത്തനം തയാറാക്കപ്പെട്ടത് എന്നും അവർ അദ്ദേഹത്തോട് പറഞ്ഞു (ബിഷപ്പ് മിഡിൽട്ടൺന്റെ ജീവചരിത്രം, പുറം 284-292. വിവ. ഫാ. ഡോ. റജി മാത്യു).

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ പ്രതിപാദിക്കുന്ന മറ്റൊരു നൈതിക പ്രമാണഗ്രന്ഥവും 1811-ലെ മലയാളം ബൈബിളിന് മുമ്പ് മലയാള ഭാഷയിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. തന്മൂലം കേരളത്തിൽ പിൽക്കാലത്തുണ്ടായ



സകല നവോത്ഥാന സംരംഭങ്ങളുടെയും അടിസ്ഥാന പ്രചോദനം 1811-ലെ ബൈബിൾ ആയിരുന്നു എന്ന് സംശയമെന്യേ പറയാം. തന്മൂലം ചരിത്രപുരുഷനെ യുഗസംക്രമണ പുരുഷൻ എന്ന് ന്യായമായും വിശേഷിപ്പിക്കാം.

6. കോട്ടയം പഴയസെമിനാരി - വിവിധോദ്ദേശ്യസ്ഥാപനം

കണ്ടനാട് പടിയോല രണ്ടു പഠിത്തവീടുകൾ പണിയുവാൻ നിശ്ചയിച്ചുവെങ്കിലും കായംകുളം മല്പാന്റെ നിര്യാണം മൂലം മലങ്കരസഭയുടെ ഏതാണ്ട് മധ്യഭാഗത്ത് കോട്ടയത്ത് ഒരു പഠിത്തവീട് മതി എന്ന് ചരിത്രപുരുഷൻ നിശ്ചയിച്ചു. തിരുവിതാംകൂർ റസിഡണ്ട് കേണൽ മൺറോയുടെയും തിരുവിതാംകൂർ റാണിയുടെയും പിന്തുണ അദ്ദേഹം ആർജ്ജിച്ചു. 1809-ൽ എട്ടാം മാർത്തോമ്മായിൽ നിന്ന് റമ്പാൻസ്ഥാനം നേടിയ അദ്ദേഹത്തിന് പഠിത്തവീടിന്റെ ഉപയോഗത്തെപ്പറ്റി പല സ്വപ്നങ്ങളുമുണ്ടായിരുന്നു. പള്ളിക്രമങ്ങൾ പഠിക്കുകയും അവ പകർത്തി എഴുതുകയും ചെയ്യുന്ന മല്പാൻ പള്ളിക്കൂടത്തിലെ വൈദിക വിദ്യാഭ്യാസത്തിന്റെ പരിമിതികളെ അതിജീവിക്കുകയായിരുന്നു മുഖ്യ ലക്ഷ്യം. നാടിന്റെ നവോത്ഥാനത്തിന് നിലമൊരുക്കാനായി ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിക്കുക എന്നത് മറ്റൊരു സ്വപ്നമായിരുന്നു. ഇടവകപ്പള്ളികളെ മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിന് വിധേയമാക്കി അവയ്ക്ക് ആവശ്യമായ ദിശാബോധവും ലക്ഷ്യബോധവും നൽകുക എന്നത് മറ്റൊരു ലക്ഷ്യം. പഴയസെമിനാരി മലങ്കര മെത്രാന്റെ ആസ്ഥാനവും (അതുവരെയും മലങ്കര മെത്രാന് ഔദ്യോഗിക ആസ്ഥാനം ഉണ്ടായിരുന്നില്ല) ഭരണത്തെ നിയന്ത്രിക്കുന്ന സെക്രട്ടറിയേറ്റും ആയിരിക്കണമെന്ന് അദ്ദേഹം സ്വപ്നം കണ്ടു. പള്ളികളിൽ നാഥനില്ലാതെ കിടക്കുന്ന കൈയെഴുത്തു പുസ്തകങ്ങൾ ശേഖരിച്ച് ഒരു ലൈബ്രറി സജ്ജമാക്കുവാനും അതൊരു ഗവേഷണവേദിയാക്കുവാനും അദ്ദേഹം ആഗ്രഹിച്ചു. സെമിനാരി സ്ഥാപകന്റെ വിശാലമായ ലക്ഷ്യങ്ങളെവിടെ? പകലോമറ്റം മെത്രാന്റെ കുടുംബ താൽപര്യമാത്രാധിഷ്ഠിതമായ സങ്കുചിത വീക്ഷണമെവിടെ? പഴയസെമിനാരി നിർമ്മാണത്തിൽ എട്ടാം മാർത്തോമ്മാ ഇട്ടൂപ്പ് റമ്പാനോട് ക്രൂരമായി വിയോജിച്ചു. മൺറോയുടെ പിന്തുണയോടെ റമ്പാൻ മുന്നോട്ടു നീങ്ങി. സഭ മുഴുവൻ അദ്ദേഹത്തെ പിന്തുണച്ചു. കണ്ടനാട് പടിയോലയിലെ പ്രതിജ്ഞ ലംഘിച്ചതിനെപ്രതി റമ്പാന്മാർ നൽകിയ പരാതി വിചാരണയ്ക്കു ശേഷം കോടതി റമ്പാന് അനുകൂലമായി തീരുമാനം ചെയ്തു. വട്ടിപ്പണത്തിന്റെ കെട്ടിക്കിടക്കുന്ന നാലു വർഷത്തെ പലിശ ഒന്നിച്ച് അവർ റമ്പാനെ ഏല്പിച്ചു. റമ്പാൻ ആഗ്രഹിച്ച സ്ഥലം തിരുവിതാംകൂർ റാണി സൗജന്യമായി റമ്പാന്റെ പേരിൽ തീറെഴുതിക്കൊടുത്തു. സർക്കാരിൽനിന്ന് കുറെ മരവും പണവും ലഭിച്ചു. പള്ളികൾ ഉദാരമായി സഹായിച്ചു. 1814-ൽ കല്ലിട്ട് ആരംഭിച്ച പണി 1815-ൽ പൂർത്തിയായി ആദ്യ ബാച്ചിന് പ്രവേശനം നൽകി. പുതിയ നേതൃത്വം ചലനാത്മകമാവുന്നതിൽ സഭയാകെ രോമാഞ്ചം കൊണ്ടു. സെമിനാരിയിൽ വൈദികവിദ്യാഭ്യാസവും ഇംഗ്ലീഷ് വിദ്യാഭ്യാസവും ആരംഭിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് തിരുവിതാംകൂർ - കൊച്ചി പ്രദേശത്ത് ആദ്യം തയാറാക്കപ്പെട്ട വേദിയായിരുന്നു പഴയസെമിനാരി.



7. മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുപ്പ്

തന്റെ കാലിനടിയിലെ മണ്ണ് ഒലിച്ചുപോവുന്നത് എട്ടാം മാർത്തോമ്മായ്ക്ക് സഹിക്കാമായിരുന്നില്ല. അദ്ദേഹവും റമ്പാനെതിരെ പരാതി നൽകി. പരാതി വിചാരണ ചെയ്യപ്പെട്ടു. പകലോമറ്റം കുടുംബവാഴ്ചയ്ക്കെതിരെ പൊതുജനാഭിപ്രായം പ്രബലമായി. കണ്ടനാട് സമ്മേളനം തെരഞ്ഞെടുത്ത ഇട്ടൂപ്പ് റമ്പാനെ പഴഞ്ഞി പള്ളിയിൽ വെച്ച് 1815 നാൽപതാം വെള്ളിയാഴ്ച തൊഴിയൂരിന്റെ കിടങ്ങൻ മാർ പീലക്സിനോസ് മലങ്കര മെത്രാപ്പോലീത്താ ആയി അഭിഷേകം ചെയ്തു; ജോസഫ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ.

ഇതോടെ കോട്ടയം പഴയസെമിനാരി മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക ആസ്ഥാനമായി. ഇടവകകളുടെ മേലന്വേഷണം കാര്യക്ഷമമായി നടത്തുന്ന സെക്രട്ടറിയേറ്റ് ആയി മാറി. വൈദിക വിദ്യാർത്ഥികളുടെ പഠനകേന്ദ്രമായി; ഇംഗ്ലീഷ് വിദ്യാഭ്യാസ കേന്ദ്രവുമായി. കഥാപുരുഷന്റെ സ്വപ്നങ്ങൾ ഏറിയകൂറും സഫലമായി.

8. ഉപസംഹാരം

ജീർണ്ണിച്ച സഭയെ നിങ്ങൾ സന്ദർശിച്ചിരിക്കുന്നു എന്ന ആറാം മാർത്തോമ്മായുടെ പരിദേവനം പഴങ്കഥയായി. മലങ്കരസഭ ചടുലമായ ഒരു പ്രഭാതം ദർശിച്ചു. സഭയിലുണ്ടായ ഈ നവോന്മേഷത്തെപ്പറ്റി കുറുപ്പംപടി മുതലായ പള്ളികളുടെ ചരിത്രകാരന്മാർ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. പകലോമറ്റം കുടുംബവാഴ്ചയുടെ അസ്തമനവും തെരഞ്ഞെടുപ്പിന്റെ പിൻബലത്തോടു കൂടെയുള്ള മെത്രാൻ വാഴ്ചയും മലങ്കരസഭ അത്ഭുതത്തോടെ സാക്ഷ്യം വഹിച്ചു. ഗ്രീക്ക് പുരാണത്തിലെ പ്രൊമിത്യൂസ് എന്ന കഥാപാത്രത്തിന് സമാനവും തുല്യവുമായ സ്ഥാനമാണ് യുഗസംക്രമണ പുരുഷനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ മലങ്കര മെത്രാപ്പോലീത്താ മലങ്കരസഭാചരിത്രത്തിൽ അലങ്കരിക്കുന്നത്. ഇരുട്ടിന്റെ സർവാധിപത്യത്തിൽനിന്ന് ആ പരിശുദ്ധ പിതാവ് സഭയെയും കേരളത്തെയും വിമോചിപ്പിച്ചതിനാൽ അദ്ദേഹം സഭാജ്യോതിസ് എന്ന ബഹുമതിക്ക് അർഹൻ തന്നെ. അദ്ദേഹത്തിന് മേല്പട്ടക്കാരനായി ഏറെക്കാലം സഭാഭരണം നിർവഹിക്കാനായില്ല. 1816 നവംബർ 24-ന് അദ്ദേഹം ദിവംഗതനായി. യശസ്വിയായ അദ്ദേഹത്തെ കരിമ്പടം പുതച്ച് ഉറക്കിക്കിടത്തുവാനും കരിപുരട്ടി അപകീർത്തിപ്പെടുത്തുവാനും ചില ശ്രമങ്ങൾ ചരിത്രത്തിൽ നടന്നിട്ടില്ലെന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ യശോധാവള്യ പൂർണ്ണിമയിൽ അതെല്ലാം അപ്രസക്തവും അനുചിതവും എന്ന് ഭാവിചരിത്രം രേഖപ്പെടുത്തും. അദ്ദേഹത്തിന്റെ കാവൽ മലങ്കരസഭയ്ക്ക് ബലമുള്ള കോട്ടയായി തുടർന്നും വർത്തിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Teachers

Gregory of India

Fr. Dr. K. M. George

Seldom in our time has the spirit of Orthodox Christianity found such creative expression in response to as many human concerns as through the life and work of Metropolitan Dr. Paulos Mar Gregorios. Defying the serious physical discomfort in recent years, and until the peaceful end on the morning of the 24th November 1996, he was incessantly at work and prayer, not only for his Diocese and Church, but also for "all humanity in truth and love" to use his own words.


Though filled with enthusiasm, young Paul Verghese was not in a position to continue his studies, yet he kept up his early love of reading and journalistic writing on current affairs. He accepted employment first in a private firm, and then in the post and telegraph department at Kochi, his birthplace. Soon he became known as an efficient worker and an active trade union leader. It was an exciting time in the mid-1940's when political freedom could be seen coming. For his part, he wanted "to serve humanity" though at that stage, the way ahead was not clear. Coming from a traditional family of practising Christians, he was aware that the Church was a natural source of inspiration for his idealistic ambition. He also felt that for drawing upon the spiritual and moral resources offered by the Church, it was not always necessary to become a priest. Much later, in 1961, he accepted priesthood. Looking back, he said of his life: "One thing led to another"; yes, logically and to a divine design, as we now see.

Quite by an accident of circumstances, he was offered the post of a school teacher in Ethiopia, waiving the condition that the candidate should be a college graduate. He was 25, and he accepted the post. This was a turning point in his life. News of his capability and enthusiasm reached the Emperor, who was impressed by his work as well as by the speed at which he could master the local language, Amharic. But the teacher opted to be a life-long student. After three mutually useful years in Ethiopia, he went to the United States for further studies.

After receiving his BA from Goshen College in Indiana, he continued his studies at Oklahoma University, at the Union Theological Seminary in New York, at Princeton (Master of Divinity), and at Yale (Master of Sacred Theology). He did his doctoral studies in Oxford and Muenster in Germany, and received his Doctorate in Theology from the Serampore University.

His doctoral dissertation centered on the profound writings of the 4th century philosopher-bishop, Mar Gregorios of Nyssa (in the West Asian Province of Cappodocia, a part of present-day Turkey). Following the official approval of Christianity by Emperor Constantine in AD 313, the early era of Christian martyrs came to an end, and the Church was in a position to give expression to its faith about its life here and now in this world, without being content of thinking about the other world alone. The Church was free and had to take a responsible role in politics, in education, and in culture. That was the context of the creative concern of Gregory of Nyssa - a "teacher of the faith", accepted by both Eastern and Western Christendom - with the present and future of the human race in relation to God and the historical world. His thought and teachings provided a foundational framework for the thought and work of his 20th century student, Paulos Mar Gregorios.

Returning to India, Paul Verghese worked as an honorary lecturer at the Union Christian College in Alwaye, as an Associate General Secretary



Gregory of India (1922 – 96)

The many facets of the life and work of Dr. Paulos Mar Gregorios point to the versatility of his interests and range of his contribution.

First metropolitan of Delhi Diocese; Principal of the Orthodox Theological Seminary at Kottayam; Founder of the Delhi Orthodox Centre.

Articulator of the Orthodox faith across the world; Biblical scholar and teacher; Exponent of sacred traditions; Promoter of unity among Orthodox Churches; Ecumenical leader devoted to interfaith dialogue and cooperation; President of the World Council of Churches.

Scholar, philosopher, author, educationist, editor, linguist, public speaker, socio-political thinker, lover of children and nature, advocate of women's equality, environmental integrity and holistic health.

Crusader against exploitation, discrimination, neo-colonialism and religious-cultural arrogance; activist for disarmament, justice and peace.

Life-long seeker after the light of knowledge, truth, and the transcendent source of our being.

of the Student Christian Movement (1954-56), and as the General Secretary of the Orthodox Student Movement (1955-57).

Haile Sellassie, the Emperor of Ethiopia, visited India in 1956, and he persuaded Paul Verghese to return to Ethiopia as his Aide and Advisor. While in Ethiopia (1956-59), he involved himself in education in Ethiopia, promoted Indo-Ethiopian diplomatic relations, and lectured at the Addis Ababa University.

Around this time, Paul Verghese decided that the time had come for him to return to his Church back in India, particularly in view of the peace being restored to the Church, following the 1958 settlement between the Catholicos of the East and the Patriarch of Antioch. He was ordained as a priest by the Catholicos H. H. Baselios Geevarghese II in 1961.

Fr. Paul Verghese's field of work soon shifted to Geneva, with the World Council of Churches. There he headed the Division of Ecumenical Action as an Associate General Secretary. Later, he was a member of the Central Committee and of the Executive Committee, Moderator of the Commission on Church and Society (1975-83), and one of its Presidents (1983-91). He led WCC delegations to major conferences including the UN General Assembly Special Sessions on Disarmament (1983,1988). In WCC forums and beyond, he persistently opposed apartheid and the old and new colonialism. He chaired the World Conference on *Faith, Science and the Future* at the MIT in Cambridge, USA (1979). He was the vice-president of the Christian Peace Conference (1970-90).

In 1975, Fr. Paul Verghese was elevated as a bishop with the name Paulos Mar Gregorios. He took charge of the newly formed Diocese of Delhi, a position he held until his death. He established the Delhi Orthodox Centre, where he began such ambitious projects as the *Neeti Shanti Kendra* for promoting peace and justice, and *Sarva Dharma Nilaya* for inter-religious dialogue and cooperation.

Concurrently, Mar Gregorios was the Principal of the Orthodox Theological Seminary at Kottayam, the premier teaching and training institution for the priests of the Church. He raised it to a college recognized for the award of graduate and post graduate degrees. He established the Sophia Centre linked to the Seminary.

A member of the Senate of the Kerala and Serampore Universities for a number of years, Mar Gregorios was a visiting Professor at Denver, Harvard, Wooster, and Princeton. He was a fellow at the Indian Institute of Advanced Study at Shimla, the vice-president of the Kerala philosophical Congress, and the president of the Indian Philosophical Congress.

Among the honours and awards received by Dr. Paulos Mar Gregorios are honorary doctorates in theology (Leningrad, Budapest and Prague); Hall of Fame Award for Extraordinary Service to Peace and Human Unity (USA); Certificate of Merit for Distinguished Service and Inspired leadership of the World Church, Dictionary of Informational Biography (Cambridge); Order of St. Vladimir (USSR); Order of St. Sergius (USSR); Order of Mary Magdalen (Poland); Order of Bishop Fransiszek Hodur (Poland); Otto Nuschke Prize of peace (German Democratic Republic); Soviet Land Nehru Award (India); Man of the year Award 1990, American Biographical Institute (USA); Bhai Param Vir Singh International Award (India); Golden Academy Award for Lifetime Achievement (USA); Eminent Ecumenical Education Award (India); Distinguished Alumnus Award (Princeton Theological Seminary); Oscar Pfister Award, American Psychiatric Association (USA); Social Service Award, Goshen College (USA). The honours made him happier for the cause, but humbler for himself.

The unusual versatility of Mar Gregorios consistently found expression in several ways:



· A capacity to transmit the essence of spiritual, philosophical and socio-political concepts with a lucidity springing from the depths of his own study and reflection.

· A constructive compassion, rooted in an ancient faith, that reaches, farther than just help, to those in various forms of oppression and helplessness, to ways of social restructuring through an ethical-intellectual renewal, to address the deeper causes of the human condition.

· The illuminating search for the fundamental principles shared by the different religions of the East as a possible basis for common understanding and endeavour.

· A spontaneous interest in natural and social sciences, as well as in historical processes, resulting in holistic contributions to contemporary thought.

Mar Gregorios will be remembered by the members of the Church as a modern teacher of their ancient faith, and by the reading public for the many books and papers he wrote in several languages, particularly in English and Malayalam. The recurring themes of his writings reflect the quest for truth and love, freedom and creativity, peace and justice.

He was not for other-worldly mysticism which ignored man's sinful reality; nor was he impressed by secular humanism that was unconcerned about 'the source of our being.' As he wrote in his book *Cosmic Man, The Divine Presence* with reference to the teachings of Gregory of Nyssa, "Thought is not scholastic to the extent of eliminating the element of mystery; but then neither is it an unintellectual mysticism" (p. xviii).

Mar Gregorios was of course sensitive to the need for urgent response to human suffering compounded by many-sided poverty. Of this, his modest efforts for the stonecutters of Tughlakabad in Delhi and the orphaned boys at Thalakodu in Kerala are examples. What concerned him more basically was the futility of "swabbing the floor without closing the tap." He wanted the socio-economic system that regularly reproduced poverty to be altered. This explains his life-long interest in politics. He was not in politics but of politics.

Whenever he found time, he dialogued with the leaders of both the political Right and Left. Not surprisingly, he had a better wavelength with the latter. He held up a mirror to them to show how India, in particular, was impoverished not only for historical reasons but also by an ecological crisis and the so called 'secularization.'

Way back in 1978, he stated in his book, *The Human Presence,* "The affairs of the world are largely in the hands of people who are experts at making money, waging war and playing politics", and proceeded to present

"An Orthodox View of Nature." On Secularism, so fashionable among some intellectuals, he was equally clear and sharp. In a recent essay, he wrote: "Secularism creates communal conflict because it brutally attacks religious identity, while pretending to be tolerant of all religions. It claims to be neutral towards all religions, equidistant from them, but it refuses to acknowledge itself as basically a religious ideology with a powerful propaganda machine" (India International Centre Quarterly, 22-1/1995).

In his book, *Enlightenment: East and West* (1989), he develops a critique of European Enlightenment. He asks the elite in India, who have so easily borrowed from the liberal humanism and technological civilization of the West, to step back and take a second look:

> "We need to face all three forms of the European Enlightenment now confronting us — Enlightenment liberalism, imperialist pragmatism, and socialist humanism. We have to learn from all these, but critically so. .....The better values of European Enlightenment are embodied in socialism, but we need to deepen them by putting them on a more secure and more transcendental foundation. ..... We have the (spiritual) resources hidden away among our people to meet that challenge. They are waiting for some new light that can quicken their creativity. This new light cannot come from top down. The job of our elite is to enable our people to become the co-authors of a new enlightenment."

The book was acclaimed in the West.

Mar Gregorios did not share the view that all religions said the same thing, but agreed that religions had common elements. Therefore, inter-religious dialogue for cooperation had untapped potential. During his 20 years in Delhi, he had extremely cordial and productive relations with the spiritual leaders of the Hindu, Buddhist, Muslim, Jain and Sikh religions.


Mar Gregorios had an abiding interest in education, which he maintained through children's easy access to him, through the schools run by the Church, and by interaction with educationalists, besides working as the principal of the Theological College. Also, he was for reviving the tradition of women's active involvement in church affairs.

The illness during the closing years of his life seemed to have re-activated his interest in 'holistic health and healing.' He organized a major International Seminar in February 1995 in Surajkund (near Delhi). The papers prepared for it, including those by him, and its report (on which he was personally working in his last days) are valuable for the alert public as well as for medical practitioners from the different systems of healing. Bringing them together to re-examine their assumptions was a purpose which the consultation substantially achieved. Mar Gregorios sought a healing touch to a wounded society.

In the course of his life-long spiritual-intellectual quest with a social purpose, Mar Gregorios has authored a number of books, besides those cited earlier: *The Joy of Freedom* (1967, 1987), *The Gospel of the Kingdom* (1968), *The Freedom of Man* (1972), *Freedom and Authority* (1974), *The Quest for Certainty* (1975), *Truth without Tradition?* (1978), *Science for Sane Societies* (1980), *The Indian Orthodox Church: An Overview* (1982), *The Meaning and Nature of Diakonia* (1988), *A Light too Bright* (1992) and *A Human God* (1992).

Apart from numerous periodical articles, contributions to symposia and encyclopedias, and lectures in scores of universities worldwide, Mar Gregorios was the chief editor of the quarterlies, *Star of the East* (New Delhi) and *Purohitan* (Kottayam).

Dr. Paulos Mar Gregorios lived a full life. True to his name, Gregorios,



he remained ever awake. Yet such was the ambition of the agenda he set for himself, his work will have to be continued by those who share his convictions and interests. There are few countries he has not visited in his search for knowledge and friendship. The world was his neighbour. He was proficient in at least a dozen languages, modern and ancient, of Asia, Europe and Africa. He was equally at home in the East and the West, but he wanted Eastern enlightenment and the critical rationality of the West to maintain a dialectic relationship instead of the overwhelming one way flow as at present. While he respected critical rationality, he also believed in revelation, in miracle, and in transcendence. The Orthodox tradition does not see these in conflict. He was essentially an activist for peace and justice, scholarship and contemplation being only a means to higher social and spiritual goals. He had the courage of his Christian conviction. He cherished freedom for others as much as for him. He seldom compromised and always forgave. He was unmoved by calumny. He worked to a plan and had little time to waste, an impatience which somtimes would appear brusque. He knew his limitations and did not hesitate to publicly own them, as a corrective for himself and possibly others. Until the very end, he worked hard for peace and unity among Orthodox Christians in India.

Mar Gregorios was a lover of art, architecture, and music. These were, he would remind, a part of the authentic tradition of Eastern Christians. He established the *Sruti* School of Music at the Theological Seminary in Kottayam and started the School of Orthodox Sacred Music at the Orthodox Centre in Delhi.

Above all, Mar Gregorios was a seeker after Truth, and as he explains in an early book, *The Faith of Our Fathers*, truth has to be perceived in the light of tradition, which in his case, the Orthodox Christian tradition. Even the Holy Bible, of which he was a lucid teacher, has to be understood in the light of sacred tradition, and not interpreted at will. It is only through the realisation of truth that peace and justice, freedom and equality, the oneness of the human family and harmony between man and nature can be expected to come. Only this way, can the original concept of the word Orthodox - the right glorification of God - find expression in this world. What kept up his spirits was his trusting confidence that "When the spirit of truth comes, He will lead you to the complete truth.'' (John 16:13)

(From a publication of the Delhi Orthodox Centre, Dec. 1996)

ചരിത്രരേഖകൾ

മേല്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ

(2004 ഫെബ്രുവരി 23-27 വരെ കോട്ടയം സോഫിയാ സെന്ററിൽ വച്ചു കൂടിയ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ മെത്രാൻ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ)

ആടുകൾക്കുവേണ്ടി ജീവൻ കൊടുത്ത നല്ല ഇടയനായ നമ്മുടെ കർത്താവിന്റെ മാതൃകയിൽ സഭയെ ത്യാഗപൂർവ്വം സ്നേഹിച്ചും പരിപോഷിപ്പിച്ചും ജനങ്ങളെ രക്ഷയിലേക്കു നയിക്കുന്നതിനാണ് അപ്പോസ്തോലന്മാർ എപ്പിസ്ക്കോപ്പന്മാരെ നിയമിച്ചാക്കിയത്. ആ വലിയ ഉദ്ദേശ്യം സാധിച്ചെടുക്കുന്നതിനായി മലങ്കര ഓർത്തഡോക്സ് സഭയിൽ മേല്പട്ടസ്ഥാനത്തേക്ക് വ്യക്തികളെ തിരഞ്ഞെടുക്കുമ്പോൾ പരിഗണിക്കേണ്ട ചില പ്രധാന യോഗ്യതകൾ താഴെ ചേർക്കുന്നു.

1. എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആൾ 45 വയസ്സിൽ കുറയാതെയും 55 വയസ്സിൽ കൂടാതെയും പ്രായമുള്ള ആളും ശരീരാവയവങ്ങൾക്ക് സാരമായി വൈകല്യം ഇല്ലാത്തവനും മാനസിക പക്വതയുള്ളവനും അവിവാഹിതനും സത്യവിശ്വാസിയുമായ സഭാംഗമായിരിക്കണം. കഴിയുന്നിടത്തോളം പുതുതായി സഭയിൽ ചേർന്ന ആൾ ആയിരിക്കരുത്. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയുടെ കുടുംബാംഗങ്ങൾ എല്ലാവരും ഓർത്തഡോക്സ് വിശ്വാസികൾ ആയിരിക്കുന്നത് അഭിലഷണീയമാണ്.

2. പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ പാരമ്പര്യമനുസരിച്ച് എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആൾ ഒരു സന്യാസ സമൂഹത്തിലെ അംഗമായി ദീർഘകാല പരിശീലനം ഉള്ള ആൾ ആയിരിക്കണം. എന്നാൽ മലങ്കര ഓർത്തഡോക്സ് സഭയിൽ ദയറാക്കാരല്ലാത്ത അവിവാഹിത പട്ടക്കാരിൽ നിന്നും എപ്പിസ്ക്കോപ്പന്മാരെ തെരഞ്ഞെടുക്കുന്നുണ്ട്. ദയറാക്കാരനായാലും അല്ലെങ്കിലും പ്രാർത്ഥനാജീവിതവും തപോനിഷ്ഠയിലും സുശിക്ഷിതമായ ജീവിതത്തിലും സാമാന്യം പുരോഗമിച്ചിട്ടുള്ളവരെ മാത്രമേ മേല്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കാവൂ. ദയറാക്കാരനല്ലാത്ത ഒരാൾ തിരഞ്ഞെടുക്കപ്പെടുകയും ആയത് സുന്നഹദോസ് അംഗീകരിക്കുകയും ചെയ്യുന്നപക്ഷം കഴിയുന്നതും വേഗം ദയറോയൂസോ വസ്ത്രം സ്വീകരിക്കുകയും, സുന്നഹദോസ് നിശ്ചയിക്കുന്ന ഒരു കാലയളവ് ഒരു ദയറായിൽ സുപ്പീരിയറുടെ ശിക്ഷണത്തിൽ ജീവിക്കേണ്ടതുമാണ്.

3. ദയറാക്കാരനായാലും അല്ലെങ്കിലും ഒരിടവക നല്ലവണ്ണം ഭരിച്ച് പരിചയമുള്ള വൈദികനെ മേല്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കുന്നത് അഭിലഷണീയമാണ്. ഒരു എപ്പിസ്ക്കോപ്പാ ജനങ്ങളെ ആദ്ധ്യാത്മിക ജീവിതത്തിൽ നയിപ്പാനും അവർക്ക് ദിവ്യോപദേശം നൽകാനും സത്യവിശ്വാസത്തിൽ ഉറപ്പിക്കാനും കഴിവുള്ള ആൾ ആയിരിക്കണം. മനുഷ്യരോട് സ്നേഹവും സ്വഭാവ ശുദ്ധിയും നേതൃത്വശക്തിയും ഭരണസാമർത്ഥ്യവും, ഭരണപരിചയവും ഉള്ളവരേ തിരഞ്ഞെടുക്കുന്നത് അത്യുത്തമം. സഭയുടെ പാരമ്പര്യങ്ങളേയും കാനോനാകളേയും മാനിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുന്നവരായിരിക്കണം മേല്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ.

4. അഗാധവും സുശിക്ഷിതവുമായ പ്രാർത്ഥനാജീവിതം ഉണ്ടായിരിക്കുന്നതിനോടൊപ്പം ജനങ്ങളെ ദൈവാരാധനയിൽ ഭംഗിയായി നയിക്കാനുള്ള കഴിവും ഒരു എപ്പിസ്ക്കോപ്പൽ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് ഉണ്ടായിരിക്കേണ്ടതാണ്. പ്രാർത്ഥനയിൽ കൂടിയുള്ള ആത്മീയ ശക്തിയാണ് ഒരു മെത്രാപ്പോലീത്തായ്ക്ക് ആവശ്യമായിട്ടുള്ളത്.

5. എപ്പിസ്ക്കോപ്പാ സഭയുടെ ഗുരു ആയതുകൊണ്ട് സത്യവിശ്വാസത്തിൽ അടിയുറച്ചു നില്ക്കുന്ന ആളും അപ്പോസ്തോലിക വിശ്വാസത്തേയും പാരമ്പര്യത്തേയും അന്യൂനമായി പാലിക്കുകയും അത് ജനങ്ങളെ പഠിപ്പിക്കുവാൻ കഴിവുള്ളവനും ആയിരിക്കണം. സർവ്വകലാശാല ബിരുദവും, അടിസ്ഥാന വേദശാസ്ത്ര വിദ്യാഭ്യാസവും ഓർത്തഡോക്സ് വേദശാസ്ത്രത്തിൽ അവഗാഹവുമുള്ള ആളുമായിരിക്കണം.



6. ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള (അപ്പോ. പ്ര. 6:3) വരെയായിരുന്നു പ. ശ്ലീഹന്മാർ സഭാ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തത്. തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി പ്രവർത്തിച്ചിരുന്ന ഇടവകകൾ, സ്ഥാപനങ്ങൾ മുതലായ ഇടങ്ങളിൽ സംശയരഹിതമായ സാക്ഷ്യം അടുത്ത് ഇടപെടുന്ന ജനങ്ങളിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും ലഭിച്ച ആൾ ആയിരിക്കണം. മനുഷ്യസ്നേഹം, രഹസ്യവും പരസ്യവുമായ ജീവിതത്തിന്റെ വിശുദ്ധി, സമൂഹത്തിന്റെ പൊതുനന്മയെക്കുറിച്ചുള്ള താല്പര്യം, പാവങ്ങളോടും ദുഃഖിതരോടുമുള്ള കരുണ, ലളിത ജീവിതം എന്നിവ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയുടെ മുഖ്യ സ്വഭാവഗുണങ്ങൾ ആയിരിക്കണം.

7. പ്രസ്തുത യോഗ്യതകളുള്ള ആളുകൾ മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് സഭാംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

8. ടി യോഗ്യതകളുള്ള ആളുകൾ മേല്പട്ട സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് സഹായകമാംവിധം ഇപ്പോൾ നിലവിലുള്ള തെരഞ്ഞെടുപ്പ് നടപടിക്രമം വ്യത്യാസപ്പെടുത്തേണ്ടതുമാണ്.

9. അനിയന്ത്രിതവും മാനദണ്ഡങ്ങൾ ലംഘിക്കുന്നതും എപ്പിസ്ക്കോപ്പാ സ്ഥാനത്തിന്റെ മഹിമയെ നശിപ്പിക്കുന്ന രീതിയിൽ സ്വയമായോ, മറ്റുള്ളവരെക്കൊണ്ടോ പ്രചരണവേല നടത്തുകയോ സ്ഥാനമോഹം പ്രകടിപ്പിക്കുകയോ ചെയ്യുന്ന സഭാംഗം എപ്പിസ്ക്കോപ്പാ സ്ഥാനത്തിന് അയോഗ്യനായി കണക്കാക്കപ്പെടേണ്ടതാണ്.

(മലങ്കരസഭാ മാസിക, മാർച്ച് 2004)

(2007-ൽ തയ്യാറാക്കി നടപ്പിൽ വരുത്തുകയും 2016-ൽ ഭേദഗതി ചെയ്യുകയും ചെയ്ത മെത്രാൻ തിരഞ്ഞെടുപ്പ് നടപടിചട്ടങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. - എഡിറ്റർ)

പുസ്തകം

മനുഷ്യ സാന്നിദ്ധ്യവും പരിസ്ഥിതി ആദ്ധ്യാത്മികതയും

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
(സെകട്ടറി, മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷൻ)

ലോകപ്രശസ്തനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (1922-1996) ക്രിസ്തീയ ഗുരുവിജ്ഞാനീയ പശ്ചാത്തലത്തിൽ ദൈവ-മനുഷ്യ-പ്രപഞ്ച ബന്ധങ്ങളെ വിശകലനം ചെയ്യുന്ന പ്രൗഢ ഗ്രന്ഥമാണ് 1980-കളിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച *ദ് ഹ്യൂമൻ പ്രസൻസ്: ആൻ ഓർത്തഡോക്സ് വ്യൂ ഓഫ് നേച്ചർ* (*The Human Presence: An Orthodox View of Nature*). ഇത് 1978-ൽ ആദ്യമായി പ്രസിദ്ധീകരിച്ചത് അഖില ലോക സഭാ കൗൺസിലാണ് (WCC). പിന്നീട് 1980-ൽ മദ്രാസിൽ നിന്ന് സി.എൽ.എസും 1987-ൽ ന്യൂയോർക്കിൽ നിന്നും അമിറ്റിയും (Amity House Inc.) പ്രസിദ്ധീകരിച്ചു.


സമൂഹത്തിൽ ശക്തിപ്പെടുന്ന ശാസ്ത്രം, സാങ്കേതികവിദ്യ, ധനതത്വശാസ്ത്രം എന്നിവയുടെ പശ്ചാത്തലത്തിൽ പരിസ്ഥിതി ആദ്ധ്യാത്മികതയുടെ അന്വേഷണവും വിശകലനവും ഇതിൽ നിർവ്വഹിച്ചിരിക്കുന്നു. പരിസ്ഥിതി പ്രശ്നം മനുഷ്യരാശിക്കും മനുഷ്യ ജീവനും നേരെ ഉയർത്തുന്ന ഭീഷണികളുടെ അന്വേഷണവും വിചിന്തനവും നിർദ്ദേശങ്ങളുമാണ് ഗ്രന്ഥത്തിന്റെ പ്രധാന ഉള്ളടക്കം. ദൈവം-ലോകം-പ്രകൃതി എന്നിവയുടെ പാരസ്പര്യതയും ഇതിൽ വിശകലനം ചെയ്യുന്നു.

മനുഷ്യരാശിയുടെ നിലനിൽപ്പ്, ദാരിദ്ര്യം, അനീതി, സാമൂഹിക അസമത്വങ്ങൾ തുടങ്ങിയ പ്രതിസന്ധികളെ അതിജീവിക്കേണ്ട മാതൃകകൾ വികസിപ്പിച്ച് ഇതിൽ വ്യക്തമാക്കുന്നു. എല്ലാവർക്കും സ്വതന്ത്രമായും അന്തസ്സായും ജീവിക്കാൻ അവകാശം ഉണ്ട്. ഭൂമിയിലെ എല്ലാ വിഭാഗങ്ങളുടെമേലും എല്ലാവർക്കും അവകാശം ഉണ്ടെന്നും ലോക സംസ്കാരം സമ്പുഷ്ടവും വൈവിധ്യവുമായിരിക്കണമെന്നും ലോകത്തിന്റെ ഏതെങ്കിലും കോണിലുള്ളവർ ആജ്ഞാപിക്കുന്നതുപോലെ ചെയ്യുവാനല്ല, സ്വതന്ത്രമായും ക്രിയാത്മകമായും പ്രവർത്തിക്കുവാൻ മനുഷ്യർക്ക് സ്വാതന്ത്ര്യം ഉണ്ടാകണമെന്നും ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് വാദിക്കുന്നു.

മനുഷ്യ സാന്നിദ്ധ്യം എന്ന ഈ ഗ്രന്ഥത്തിൽ പ്രമുഖമായും ഒൻപത് അദ്ധ്യായങ്ങളിൽ അവതരിപ്പിക്കുന്ന പ്രധാന വിഷയം പ്രകൃതിയുടെ സ്വഭാവത്തെ ശാസ്ത്രം, വേദശാസ്ത്രം, പൗരസ്ത്യവും യോഗാത്മകവുമായ പാരമ്പര്യം എന്നിവയിലൂടെ വിശകലനം ചെയ്യുന്നു. എട്ടും ഒമ്പതും അദ്ധ്യായങ്ങളിൽ ഐക്കൺ കലയും ക്രിസ്തീയ ധാർമ്മികതയും ചർച്ച ചെയ്യുന്നു.

മനുഷ്യനേയും പ്രകൃതിയേയും നിലനിർത്തുന്നത് ദൈവമാണ്. മനുഷ്യനിലൂടെയും പ്രകൃതിയിലൂടെയും ദൈവം സ്വയം വെളിപ്പെടുന്നതിനാൽ ദൈവത്തേയും മനുഷ്യനേയും വിരുദ്ധ ധ്രുവങ്ങളിൽ സങ്കല്പിക്കുവാൻ കഴിയുകയില്ല. ശാസ്ത്രത്തോടും സാങ്കേതികവിദ്യയോടും മനുഷ്യൻ വളരെയേറെ താദാത്മ്യം പ്രാപിച്ചിരിക്കുന്നതിനാൽ ദൈവത്തെ പൂർണ്ണമായി നേടുന്നതിനും സർവ്വത്തിന്റെയും സ്രോതസ്സെന്നു ഗ്രഹിക്കുന്നതിനും സ്നേഹത്തിന്റെ ആത്മാവിൽ നിറഞ്ഞ് ദൈവത്തിന് കീഴ്പ്പെടുന്നതിനും കഴിയാതെ പോകുന്നു. പ്രപഞ്ചത്തിലൂടെ വെളിപ്പെടുന്ന ദൈവത്തോട് പൂർണ്ണമായി സംവദിക്കുന്നതിനും മനഷ്യർ അശക്തരായി തീരുന്നു. എന്നാൽ വി. കുർബ്ബാന വഴി ദൈവത്തോടും സഹോദരങ്ങളോടും പ്രപഞ്ചത്തോടും ആത്മസമർപ്പണം വഴി ഒന്നായി തീരുന്ന യോഗാത്മകതയാണ്, ജീവിതത്തിന് പൂർണ്ണത നൽകുന്നത് എന്നാണ് പൗലോസ് മാർ ഗ്രീഗോറിയോസിന്റെ വേദദർശനം.

ശാസ്ത്ര സാങ്കേതിക വിദ്യയുടെ അതിപ്രസരവും ആധിപത്യവും ദൈവ-പ്രകൃതി-മനുഷ്യ ബന്ധങ്ങളിൽ സ്നേഹത്തിന്റെ പാരസ്പര്യത നഷ്ടപ്പെടുത്തുന്നു. ശാസ്ത്രവും സാങ്കേതികതയും വികസിപ്പിച്ച സംസ്കാരം അന്തരീക്ഷ മലിനീകരണവും പ്രകൃതി വിഭവങ്ങളുടെമേലുള്ള ചൂഷണവും



അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വർദ്ധിപ്പിക്കുന്നു. ഇത് ഭാവിക്ക് അപകടകരമാണെന്ന് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ 1970-കളിൽ നിരീക്ഷിച്ചത് ഇപ്പോൾ യാഥാർത്ഥ്യമായി.

പ്രകൃതിയുടെമേൽ ആധിപത്യം സൃഷ്ടിക്കാതെ, മനുഷ്യ-പ്രകൃതി ബന്ധത്തിൽ സന്തുലനാവസ്ഥ നിലനിർത്തി ആത്മബലിയായി തീരുന്ന യോഗാത്മക അനുഭവമാണ് വളർത്തേണ്ടത്. ശാസ്ത്രവും സാങ്കേതിക വിദ്യയും ഉപയോഗിച്ച് സ്വാർത്ഥ താല്പര്യങ്ങൾക്കായി പ്രകൃതിയെ കീഴടക്കുന്നത് അധർമ്മമാണെന്നും മാർ ഗ്രീഗോറിയോസ് വ്യക്തമാക്കുന്നു. മനുഷ്യൻ തന്നെത്തന്നെയും പ്രപഞ്ചത്തേയും ദൈവത്തിൽ സമർപ്പിക്കുന്ന പുത്തൻ ദർശനം വളർന്നു വരണം. ലോക ഘടനയെ തിരുത്തുവാൻ തക്ക ബൗദ്ധിക പുതുക്കവും (intellectual renewal) മനുഷ്യരാശി അഭിമുഖീകരിക്കുന്ന ധാർമ്മിക പ്രശ്നങ്ങളെ നേരിടുവാനുള്ള അന്താരാഷ്ട്ര സമൂഹവും അനിവാര്യമാണെന്ന് ഈ പഠനം വ്യക്തമാക്കുന്നു. ഇതിലെ പരിസ്ഥിതി ദർശനങ്ങളും പരിഹാര നിർദ്ദേശങ്ങളും എക്കാലവും പ്രസക്തമാണ്.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ചരമ രജത ജൂബിലിയോടനുബന്ധിച്ചാണ് 2021 നവംബർ 24-ന് ഈ ഗ്രന്ഥം മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷനും സോഫിയാ ബുക്സും ചേർന്ന് പ്രസിദ്ധീകരിക്കുന്നത്. ഇതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും അനുഗ്രഹങ്ങളും പകർന്ന മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പരിശുദ്ധ ഡോ. ബസേലിയോസ് മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായോടുള്ള ഭക്തിയാദരവുകൾ സമർപ്പിക്കുന്നു.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ഇംഗ്ലീഷ് രചനകളുടെ വിവർത്തനം വളരെ ക്ലേശകരമാണ്. വിവിധ വിദേശ ഭാഷകളുടെയും ക്ലാസ്സിക്കൽ ബൈബിൾ ഭാഷകളുടെയും പദാവലികളും വിദേശ എഴുത്തുകാരുടെ പേരും കൃതിയും എല്ലാം ഉൾക്കൊള്ളുന്ന ഉള്ളടക്ക ഘടന മൊഴിമാറ്റത്തിന് സുലളിതമായി വഴങ്ങാറില്ല. എന്നാൽ ഇംഗ്ലീഷിലും മലയാളത്തിലും പാണ്ഡിത്യം നേടി വേദ ശാസ്ത്രത്തിൽ അറിവും അനുഭവവും സമാർജ്ജിച്ച അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ വളരെ ആകർഷകമായി *ദി ഹ്യൂമൻ പ്രസൻസ്* എന്ന ഗ്രന്ഥം സമയബന്ധിതമായി വിവർത്തനം ചെയ്തു.

പരിസ്ഥിതി വിഷയങ്ങളിൽ പൗരസ്ത്യ വേദശാസ്ത്ര ദർശനത്തിന്റെ മൗലിക തത്വങ്ങൾ മനസിലാക്കുവാനും വിവിധ സാമൂഹിക, സാമ്പത്തിക പ്രശ്നങ്ങൾ പരിസ്ഥിതി വിഷയങ്ങളുമായി എങ്ങനെ സമന്വയിച്ചിരിക്കുന്നു എന്ന് അറിയുവാനും ഈ ഗ്രന്ഥം സഹായിക്കും. ❑

Article

‘Mission to evangelize *inwardly* to move *upward*’

Cincy Mariyamma Thomas


If we look into the history of Mission, the highlight of separate term and concept of “mission” as a separate entity started in West . Before sixteenth century there was no use of term “Mission” as we see today. But in Eastern world the concept was already a part and parcel of the life of any faithful Christian. Newbigin in his sermon as an inaugural speech for the event of the International Missionary Council (IMC) and the World Council of Churches (WCC) brought together, this theme of Mission and evangeize in 1962, he reflects on the contribution of the IMC in mission in the world. Although the context has changed a lot since then yet it gives a glimpse of comparison on the perspectives on what mission then and today. As an Orthodox Christian it is always a confusing dilemma especially in an Indian context what actually is mission and evangelize. It is so because it as a separate idea was not taken up. It is very difficult to bring a concrete conclusion to this theme in Indian context as its political face changes from time to time. Yet this is a small attempt to understand it in a wider perspective

Advocacy of Mission

Theologians advocate that God’s mission is more than the practical activities called missions. It is so because the activities now known separately as missions are an indispensable part (a part, not the whole) of the obedience which the churches must render to God’s calling. Being an Orthodox Christian , from an Orthodox perspective, “mission” and “evangelism” express the impulse of Christianity and the Christian life is said to be one of *kenosis* (êÝíùóéò), the Greek term that describes a self-emptying for the purpose *plerosis* (ðëÞñùóéò), a Self-filling. This theme can be seen in quotes of Walter Freytag, “Missions have to remind every church “that it cannot be the Church in limiting itself within its own area, that it is called to take part in the responsibility of God’s outgoing into the whole world, that it has the Gospel because it is meant for the nations of the earth” . This theme can also be found in the ideas of great *Advaitic* and *Visishitadvaitic* Indian philosopher Sankara and Ramanuja. While Sankara stresses on the advaitic concept of God (Brahman) and Self (Atman) to be one , Ramanuja agreeing with him moves a bit further and brings the mystery of the union of man and God as one and highlight on human limit of reaching the goal by realizing the inability of human to know God completely and tell that the complete surrender of self (*Prappatti*) is what is essential in order to attain the mercy of God . We find this paradox best illustrated in the Incarnation: “[Christ] being in the form of God, thought it not robbery to be equal with God: but made Himself of no reputation, and took upon Him the form of a servant, and was made in the likeness of men, and being found in fashion as a man, he humbled Himself, and became obedient unto death . . .” (Phil. 2:6-8). “. . . If any man will come after Me, let him deny himself, and take up his cross daily, and follow Me. For whosoever will save his life shall lose it: but whosoever will lose his life for My sake, the same shall save it.” (Luke 9:23-24). These instructions given by Christ are the Christian’s prescription for his own ex-carnation, his *kenosis*, resulting in *plerosis*, deification and union with and in God. This is and should be the nature and mission of church.

Missionary Dimension

We can also understand the missionary dimension in any movement, any labour, any programme that bears the name of Christ, constituting not for the profit of self, institutions, name or fame. Over every phase of it there should be written urgently and insistently, “Don’t just **look** at us, but



look at Him. When considering mission and evangelism a simple analysis of this phrase indicates that the sharing of the Christian Gospel involving an emotive and a rational appeal; which means, it is not only that news is good qua its role as an invitation to Goodness, objectively speaking, but one should also feel that it is good, subjectively. And thus for this rational thinking is also needed. But it is also true that exclusively both emotional and rational thinking cannot be fully or properly disseminated in the Christian religion, and it does not seem to be merely a combination of emotional appeals and rational discourse. If the missionary seeks to inculcate only emotion or only rationality both cannot exhaust the fullness of Christianity. Therefore a **holistic approach** to evangelism is to be taken which should work in such a way as to turn the human view “**upward” and “inward**”.

This approach could be seen throughout our Orthodox Christian practice, but it became a question when mission started to be taken as separate entity, and people started taking profits from it. It became institutionalized, hierarchical and separate from common life of common people. Even charity became politicized and a topic of power and fame. This made a separation among the society of those doing “mission” separately and those living a normal life without being a part of a larger “mission strategy”.

Since the beginning of Christianity and as it was taught by ancient Church fathers, that our life with Christ cannot be separated as inside church and outside church. Our life is liturgy after liturgy. Therefore, the entire aim of true mission is to penetrate the veils of this world where one may see God. Thus, ones mission in the world if one wants to evangelize or show Christ to world is to look inwardly to self and looking into others also as image of God and trying to become like God. As again Indian philosophy we find the way to God being explained in three aspects – *Karma* , *Bhakti* and *Gyan*. Every smallest act , thought , intellectual discourse to know Him, without a minute intention of self pride and profit is equally important. As that is the ultimate goal of human, as was created in the image and likeness of God, knowing and living according to His will is our aim. Once each member realize this role in mission , their life’s each moment will automatically become a mission to the surrounding, and unknowingly they will be partakers in the spreading of Good news to the world they live. The Church must press on in its vital mission of bringing the mercy of God to the world, for which every individual must strive and look silently in themselves (inwardly) and shine upon others as a light to the path, to reach (upward).

❑

വചനതീർത്ഥം

അരുളപ്പാടുകളുടെ കാലം - 2

ദൈവമാതാവിനോടുള്ള അറിയിപ്പ് (വി. ലൂക്കോസ് 1:26-38)



ഫാ. കെ. കെ. വർഗീസ്

വ്യക്തിജീവിതത്തിലും 1/28, കുടുംബജീവിതത്തിലും 1/13,14, തലമുറകളുടെ മേലും 1/17,1/3233, പകർന്നു പടരുന്ന ദൈവ കൃപകളുടെയും വാഗ്ദത്ത ങ്ങളു ടെയും പെരുമഴ കാലമാണ് വിശുദ്ധ ലൂക്കോസന്റ് സുവിശേഷം ഒന്നാം അദ്ധ്യായം.

മാതാപിതാക്കളുടെ കുഞ്ഞുങ്ങളിലേക്കും അതുവഴി അവർ ജീവിക്കുന്ന ചുറ്റുപാടുകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന, ചെയ്യപ്പെടേണ്ട കൃപകളുടെ സാധ്യതകളാണ് ശുദ്ധീകരണവും പ്രതിഷ്ഠയും കഴിഞ്ഞവരുടെ ധ്യാന വിഷയം ആകേണ്ടത്. ദൈവമുമ്പാകെ, ദൈവീക പദ്ധതികളുടെ മുമ്പാകെ അതിനു വിധേയരാകുന്നവർ പുലർത്തേണ്ട മനോഭാവവും ഇവിടെ പ്രസ്താവ്യമാണ്. കപ്പദോക്യൻ പിതാവായ വലിയ മാർ ബസേലിയോസ് പറയുന്നു;

'ഗബ്രിയേൽ മാലാഖ അരുളപ്പാടുമായി കന്യകയുടെ അടുത്ത് ചെല്ലുമ്പോൾ മനുഷ്യരാശിയുടെ രക്ഷ തുലാസിൽ ആടുകയായിരുന്നു.'

ദൈവിക ഇടപെടലിനോട് പരിശുദ്ധ മറിയം മറുതലിച്ചിരുന്നെങ്കിൽ രക്ഷാകര ചരിത്രത്തിന്റ് ഗതി എപ്രകാരമായിരുന്നു എന്ന് ആലോചിക്കുവാൻ കഴിയുമോ..

യേശു തമ്പുരാന്റെ ജനനവുമായി ബന്ധപ്പെട്ടു വരുന്ന രണ്ടാമത്തെ ദൈവീക വെളിപാടാണ് ഇന്നത്തെ സുവിശേഷഭാഗം. സക്കറിയ പുരോഹിതന്റെ അടുത്തു നിന്ന് അഞ്ച് മാസങ്ങൾക്ക് ശേഷം മാലാഖ കന്യകമറിയാമി ൻറെ അടുക്കലേക്ക് പോകുന്നു.

ഗബ്രിയേൽ ദൂതനെ നസ്രത്ത് എന്ന ഗലീല പട്ടണത്തിൽ.... 1/26

വിജാതികളെ മുന്നിൽകണ്ട്, സമഗ്രമായ സുവിശേഷ രചന നിർവഹിക്കുന്ന വി.ലൂക്കോസിന്റെ വായനക്കാരിൽ അധികവും ഗലീലയിൽ നിന്നുള്ളവർ ആയിരുന്നു. നസ്രത്ത് പോലെയുള്ള ചെറിയ പ്രദേശത്തെ,ഒരു കന്യകയുടെ അടുക്കൽ ഒരു ദൈവദൂതൻ അരുളപ്പാടുമായി ചെല്ലുന്നു എന്നതു ആരും സങ്കൽപ്പിക്കുക പോലും ചെയ്യാത്ത കാര്യമാണ്. നിന്ദക്കപ്പെട്ട വിജാതികളുടെ സ്ഥലത്തുനിന്ന് നന്മകൾ വരുമോ എന്ന ചോദ്യം വേദപുസ്തകത്തിൽ ഉയരുന്നത് നാം കാണുന്നുണ്ട്.(വി.യോഹ. 1/46.) ഗലീല എന്ന പദത്തിന് ' വിഗ്രഹാരാധികളുടെ നഗരം' എന്നു കൂടി അർത്ഥമുണ്ട്. മനുഷ്യാവതാരം ചെയ്ത ദൈവം ആ സ്ഥലം തന്റെ വാസത്തിന് തിരഞ്ഞെടുക്കുമ്പോൾ ചില കാരണങ്ങൾ കൂടി ഉണ്ടാവാം.

ഒന്ന്: വിജാതികളെ തന്റെ രക്ഷകനെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ദൈവ കൃപയുടെ സൂചന.

രണ്ട്: ദൈവിക സ്നേഹവും കരുതലും മനുഷ്യൻറെ ഭൗതിക ചുറ്റുപാടു കളെ ആശ്രയിച്ചല്ല നിലകൊള്ളുന്നത്.

മൂന്ന്: മനുഷ്യന്റെ വിലയിരുത്തലുകൾക്ക് അപ്പുറത്തുള്ള ദൈവീക കാഴ്ച കളുടെ ഓർമ്മപ്പെടുത്തൽ.

നാല്: 'നസ്രായൻ' എന്ന് വിളിക്കപ്പെടും എന്ന തിരുവചനതിന്റെ പൂർത്തീ കരണം.

വിശ്വാസ വിചാരങ്ങൾ

പൗരസ്ത്യസഭകളുടെ അടിസ്ഥാന വിശ്വാസമായ ത്രിത്വത്തിലെ സൂചന കൾ ഇവിടെ വായിച്ചെടുക്കാൻ ആവുന്നുണ്ട്.

a. 1:30/ 32. 'ദൈവം,' 'അത്യുന്നതൻ', അവന്റെ പുത്രനെ നിനക്ക് നൽകുന്നു

b. 1/ 32 'അത്യുന്നതൻ പുത്രൻ' നിന്നിലുദിക്കും.

c. 1/ 35 'പരിശുദ്ധാത്മാവ് നിന്റെ മേൽ ആവസിക്കും.' പഴയനിയമത്തിലെ ആദ്യത്തിൽ വിശുദ്ധ ത്രിത്വത്തി നെക്കുറിച്ചുള്ളതു പോലെയുള്ള (ഉല്പത്തി 1/1) സൂചന പുതിയ നിയമത്തിലും കാണാൻ പറ്റും;

'ആദിയിൽ ദൈവം' - പിതാവ്

'സൃഷ്ടിച്ചു' - ഉണ്ടാകട്ടെ എന്ന വചനത്താൽ. (വചനം, ലോഗോസ് , പുത്രൻ) ആത്മാവ് പരിവർത്തിച്ചു.'

മൂന്നു സംഗതികൾ മാലാഖ മറിയമിനോട് പറയുന്നു; 1: അത്യുന്നതന്റെ കൃപ ലഭിച്ചവൾ. 2: കർത്താവ് കൂടെയുള്ളവൾ. 3: പരിശുദ്ധാത്മാവിന്റെ ആവാസത്താൽ അനുഗ്രഹിക്കപ്പെട്ടവൾ.

കൃപ ലഭിച്ചവൾ

വിശുദ്ധ മറിയം കൃപ നിറഞ്ഞവൾ ആയിരുന്നു. പൗരസ്ത്യ ദൈവശാസ്ത്ര കാഴ്ചപ്പാടിൽ മറിയത്തിന്റ് ജീവിതത്തിലെ കൃപകൾ അവൾ ദൈവത്തിൽ നിന്ന് സ്വീകരിച്ച കൃപകൾ (received Grace) ആണ്.

ലഭ്യമായ, പ്രാപിച്ച കൃപകളുടെ അവകാശികളോട് ആണ് അത്രമേൽ കൃപ കൾ അവർക്ക് നൽകിയ ദൈവമുമ്പാകെ അപേക്ഷിക്കുവാൻ, നമ്മൾ മധ്യസ്ഥ പ്പെടുന്നത്. മറിച്ച്, അവർ മറ്റുള്ളവർക്ക് കൃപ നൽകുന്നവരാണ് (grace providers) എന്നൊരു ചിന്ത അറിയാതെയെങ്കിലും കടന്നുകൂടിയിട്ടുണ്ടോ എന്ന് വിശകലനം ചെയ്യാനും ശ്രമിക്കേണ്ടതായിട്ടുണ്ട്.

ഒരു ദൈവിക പരിപാലനം ആവശ്യമാണ് 1:26/38

ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ, കന്യകമറിയം ഗർഭം ധരിക്കുമ്പോൾ 13 വയസ് മാത്രം പ്രായമുള്ള ബാലികയായിരുന്നു. സ്വന്തമായോ, സ്വതന്ത്രമായോ ചിന്തിക്കാനുള്ള ശേഷി പൂർണമായും വികസിച്ചിട്ടില്ലാത്ത ആ കുഞ്ഞിനോടാണ് ലോകത്തെ തന്നെ നടുക്കുവാൻ പോകുന്ന മനുഷ്യാവതാര വർത്തമാനം പറയാൻ പോകുന്നത്. അതിനാലാവണം മാർ ബസേലിയോസ് അങ്ങനെ പറയുന്നതും. ലഭ്യമായ പാരമ്പര്യമനുസരിച്ച്, ദേവാലയത്തിൽ വളർന്നവൾ, പുരോഹിതന്റെ പരിശീലനത്തിൽ ജീവിക്കുന്നവൾ, ദൈവീക വേലകളിൽ ആവുന്ന സഹായങ്ങൾ ചെയ്തു കഴിയുന്നവൾ, പ്രാർത്ഥനാ ജീവിതം ശീലമാക്കിയവൾ... ഇങ്ങനെ കുറെയേറെ പ്രത്യേകതകളാണ് മറിയമിനെ കന്യക മറിയം, ദൈവമാതാവ് എന്നീ അവസ്ഥകളിലേക്ക് പരുവപ്പെടുത്തിയത്. അവളുടെ കുഞ്ഞ് ആദമിൻറെ തലമുറയുടെ ഇങ്ങേ കണ്ണിയെങ്കിലും, ആദമിന്റെ പാപങ്ങൾ അവനിൽ ഏശിയിട്ടില്ല എന്ന ബോധ്യത്തോടെ ഒരു കുഞ്ഞിനെ സ്വീകരിക്കാൻ പക്വതപെടുന്നു.

അവരോടൊപ്പം സന്തോഷിച്ചു 1/36

തൻറെ കാതിലൂടെ ഗർഭപാത്രത്തിൽ എത്തുന്ന ഈ പൈതൽ തന്റെ സാമൂഹിക ജീവിതത്തിനെ അപമാനപ്പെടുത്തുകയും അപകടത്തിൽ ആക്കുകയും ചെയ്യും എന്ന് ഭയപ്പെട്ട് കാണുമെങ്കിലും വിനയ സമേതം അവൾ ദിവ്യ ഗർഭത്തിന് വിധേയപ്പെടുന്നു.' ഇതൊക്കെ ആരെങ്കിലും വിശ്വസിക്കുമോ, അംഗീകരിക്കുമോ' എന്നൊക്കെ ഒരുപക്ഷേ സംശയിക്കാൻ ഇടയുണ്ടെങ്കിലും ചാർച്ചക്കാരിയായ എലിസബത്തിന്റ് സമകാലീന അനുഭവങ്ങൾ അവളെ ധൈര്യപ്പെടുത്തുകയും പ്രചോദിപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്ന് വേണം മനസ്സിലാക്കാൻ (1:36, 37, 38). മറ്റുള്ളവരുടെ ജീവിതത്തിലെ കൃപകൾ എന്നെ അസഹ്യ പ്പെടുത്തുകയല്ല മറിച്ച് ധൈര്യവും പ്രത്യാശയും നൽകുവാൻ പര്യാപ്തമാവുകയാണ് ആവശ്യം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഭയപ്പെടേണ്ട 1/30

മാലാഖ മറിയത്തോട് പറയുന്നതാണ് ഈ വാക്യം. സക്കരിയാ പുരോഹിതനും ദൂതന്റെ സാന്നിധ്യത്തിൽ ഭയന്നുപോയി.1/ 12. ഈ വാക്കുകൾ മറിയം ഭയപ്പെട്ടു എന്ന് തന്നെയാണ് സൂചിപ്പിക്കുന്നത്.

ഇനിയും താമസിയാതെ, ആട്ടിടയന്മാർ മാലാഖമാരുടെ സാന്നിധ്യത്തിൽ ഭയപ്പെട്ടു പോകുന്നത് കാണാനാവും. 2: 9 / 10.

ദൈവത്തിന്റെ സാന്നിധ്യത്തിൽ ഭയം ഉചിതമാണ്. എന്നാൽ തന്നെ ഭയപ്പെടുന്നവരോട് ദൈവം കരുണയുള്ളവനാണ്. മറിയമിന്റെ പാട്ടിൽ നാം ഇത് കാണുന്നുണ്ട്. 1/50.

ദൈവത്തിന്റെ കൃപ 1/30

പുരോഹിത ദമ്പതികളുടെ മതപരമായ ജീവിതത്തെപറ്റി സൂചനകളുണ്ട് (1:6) എന്നാൽ ഇവിടെ കന്യകയുടെ വിശ്വാസം, സ്വഭാവം എന്നിവയെപ്പറ്റി പ്രത്യേക വിവരങ്ങളൊന്നുമില്ല. ദൈവം എന്തുകൊണ്ട് അവളെ തിരഞ്ഞെടുത്തു എന്നതിനെക്കുറിച്ച് മനസ്സിലാക്കുന്ന ഒരു സൂചനകളും കാണുന്നുമില്ല. 'എനിക്ക് കരുണ തോന്നണം എന്നുള്ളവനോട് കരുണ തോന്നുകയും കനിവു തോന്നണം എന്നുള്ളവനോടു കനിവു തോന്നുകയും ചെയ്യും' എന്ന് അവൻ മോശം മുഖാന്തരം അരുളി ചെയ്യുന്നു. റോമർ 9/15 പുറപ്പാടു 33/19. ദൈവം തെരഞ്ഞെടുക്കാനും പ്രവർത്തിക്കാനും സ്വാതന്ത്ര്യം ഉള്ളവനാണ്. ബലവാൻമാരെ സിംഹാസനത്തിൽ നിന്ന് ഇറക്കി താണവരെ ഉയർത്തുന്ന ദൈവമുമ്പാകെ, ഞാനിതാ ദാസൻ ദാസി, ഇഷ്ടംപോലെ ഭവിക്കട്ടെ എന്നു പറയാം.

അവൻ വലിയവൻ ആകും 1/32

ക്രിസ്തുവിനെപ്പോലെ ചരിത്രത്തിനെ ഇത്രമേൽ സ്വാധീനിച്ച മറ്റൊരാളില്ല. അവൻറെ മഹത്വം എല്ലാതലങ്ങളിലും തെളിയിക്കപ്പെട്ടതാകുന്നു. ' യോദ്ധാക്കൾ വലിയ വരാണ്; ക്രിസ്തു അവരിലും അത്യുന്നതൻ ആണ്. വിടുവിക്കുന്നവർ വലിയവരാണ്; ക്രിസ്തു അവരിലും അത്യുന്നതൻ ആണ്. വീണ്ടെടുക്കുന്നവർവലിയവരാണ്; ക്രിസ്തു അവരിലും അത്യുന്നതൻ ആണ്. രക്ഷകൻമാർ വലിയ വരാണ്; ക്രിസ്തു അവരിലും അത്യുന്നതൻ ആണ്'

ഇതെങ്ങനെ സംഭവിക്കും 1/34

വളരെ യുക്തിസഹമായ ഒരു ചോദ്യമാണിത്. സക്കരിയാ ചോദിച്ച അതേ ചോദ്യം കന്യകയും ചോദിക്കുന്നു. വി.ലൂക്കോസ് 1/ 18. ഒരുപക്ഷേ സക്കറിയയുടെ ചോദ്യം അവിശ്വസനീയതയിൽ നിന്നാണെങ്കിൽ കന്യകയുടെ ആവട്ടെ അതിശയ പൂരിതമായ വിശ്വാസത്തിൽ നിന്നാണ്. കന്യക ജനത്തിന്റെ സത്യസന്ധതയെ ഊന്നിപ്പറയുന്ന ഒരു ഭാഗമായി ഇതിനെ കാണാം. മറ്റൊരർത്ഥത്തിൽ, ഈ വാർത്ത കേൾക്കുമ്പോൾ വിശുദ്ധകന്യക അതിനെ പൂർണമായും ഉൾക്കൊണ്ടിട്ടുണ്ടാവില്ല. എങ്കിലും അപ്പോൾ തന്നെ അവൾ പരിപൂർണ്ണമായ വിശ്വാസത്തോടെ അതിനോട് പ്രതികരിച്ചു എന്ന് കാണാനാകും.' 'എനിക്ക് കാര്യങ്ങൾ പൂർണ്ണമായി മനസ്സിലാകുന്നില്ല; എന്നാൽ ദൈവം നല്ലവനാണ് എന്ന് എനിക്ക് അറിയാം' എന്നു പറഞ്ഞുകൊണ്ടാണ് നമ്മളും പ്രതികരിക്കേണ്ടത്.

മറ്റൊരു അത്ഭുതകരമായ സംഗതി, അക്കാലത്ത് ഇസ്രായേലിൽ വിവാഹനിശ്ചയത്തിന്റെ ശരാശരി പ്രായം പന്ത്രണ്ട് പന്ത്രണ്ടര വയസ്സായിരുന്നു. കന്യകയുടെ പ്രായം നമ്മൾക്ക് അറിയില്ല. പക്ഷേ അവളുടെ വിശ്വാസം അസാധാരണമായിരുന്നു.

ഏശാവിന്റെ ശബ്ദവും യാക്കോബിന്റെ കൈകളുമായി, ജനനം കൊണ്ട് മാത്രം ക്രിസ്ത്യാനികളായി കഴിയുന്ന ഏന്നാൽ പ്രവർത്തിയിൽ അല്പം പോലും ക്രിസ്തു സാന്നിധ്യമില്ലാത്ത ഒരു സമൂഹത്തിനെ കാണുമ്പോൾ ഈ പ്രപഞ്ചം മുഴുവൻ മുഴങ്ങിക്കേൾക്കുന്നത് രണ്ടു പെൺകുട്ടികളുടെ ചോദ്യമാണ്. അതിലൊന്ന് വിശുദ്ധകന്യകയുടെതാണ്. ഇതെങ്ങനെ സംഭവിക്കും

മറ്റൊന്ന് കർത്താവിന്റെ വിചാരണ സമയത്ത് വാല്യക്കാരി പത്രോസിനോട് ചോദിക്കുന്നതാണ്.

നിങ്ങൾ നസ്രായന്റെ ശിഷ്യൻ അല്ലേ..!

നിന്റെ വാക്കുപോലെ 1/38

കന്യകയുടെ പാട്ടിൽ (1: 46/ 55) അവളുടെ താഴ്മയും, രക്ഷാകര പദ്ധതിയുടെ ഭാഗമാക്കാൻ ദൈവം തന്നെ തിരഞ്ഞെടുത്തതിൽ ഉള്ള സന്തോഷവും പ്രകടിപ്പിക്കുന്നു. എന്നാൽ പിന്നീട് പലപ്പോഴും കന്യക നിരസിക്കപ്പെട്ടതു പോലെയോ അവഗണിക്കപ്പെടുന്നത് പോലെയോ ഒക്കെ തോന്നുന്ന സന്ദർഭങ്ങൾ വരുന്നുണ്ട് (വി. ലൂക്കോസ് 8: 19/ 21 , വി.യോഹന്നാൻ 19: 25/27). പക്ഷേ പരാതിയുടെ ഒരു വാക്കും അവളിൽ നിന്നു ഉയരുന്നില്ല. തൻറെ വെളിയിൽ നിന്ന് രക്ഷപ്പെടാനോ ഒഴിഞ്ഞുമാറാനോ മറിയം ശ്രമിക്കുന്നുമില്ല.

❑

Meeting held between Archbishop of Canterbury Justin Welby and Dr. Mathews Mar Thimothios



Dr. Mathews Mar Thimothios (Diocesan Metropolitan of UK-Europe and Africa) held a meeting with the Supreme head of the Church of England, Archbishop of Canterbury Justin Welby on 18 November 2021 at Lambeth Palace, the official residence of the Archbishop in London.

Mar Thimothios expressed that it is an honour and privilege for the Indian (Malankara) orthodox Church being invited to the meeting and conveyed the prayerful greetings from His Holiness Baselious Marthoma Mathews III, the Catholicos of the East and Malankara Metropolitan to Church of England and to Archbishop Welby. His Grace Mar Thimothios presented to Archbishop 'The book of the Order of Anaphoras', a collection of 25 ancient Anaphoras of Christian Liturgy recently published by Malankara Orthodox Church (MOC) Publications, translated and edited by Fr Dr Baby Varghese.

Archbishop Most Reverend Justin Welby expressed his gratitude to HG Mar Thimothios and passed his congratulations and Prayers to His Holiness Baselious Marthoma Mathews III on his enthronement as the new supreme head of Indian Orthodox Church. Archbishop assured that the fruitful and fraternal relations between both the Churches would empower the Christian mission for the well-being of the communities and prayed that would find new horizons in the ecumenical realm. Both the spiritual leaders discussed today's challenges in Christian Ministry and shared the possibilities of mutual cooperation.

His Choice

St Luke 1:26-38

Fr. Nithin V. Rajan



God's standards and human standards have a large gap which cannot be bridged by human understanding. His selection is unexpected and mercy is unending. In the book of the glorious prophet ***Isaiah 55:8-9*** we read about this "For my thoughts are not your thoughts, neither are your ways my ways," declares the Lord. "As the heavens are higher than the earth, so are my ways higher than your ways and my thoughts than your thoughts."

This Sunday we remember the annunciation of Angel Gabriel to St Mary the "Theotokos" (Mother of God). Angel appears to Mary and says "Peace be with you! The Lord is with you and you are blessed". What a wonderful greetings from the angel, what else does a human being need in this journey, as we can see three main aspects:

1. Peace
2. God is with you
3. Blessed

Peace is a very important part of all human being, but Christian peace differs from the worldly peace. This is very clear by the peace given by Jesus Christ to his apostles. ***St. John 14:27*** "Peace I leave with you; my peace I give to you. I do not give to you as the world gives. Do not let your hearts be troubled, and do not let them be afraid".

Heavenly or Godly peace is quite different from worldly peace. It is not the assurance that there will be no ups and downs in life, instead, Christian peace is the blessed assurance that God is in control of everything and nothing happens without the will of God. The Scriptures clearly defines us of the ultimate authority of God who made heaven and earth. ***Psalm 46:10*** says "Be still, and know that I am God!" Only when we are 'still' we can contemplate on God and understand His presence. Even though I walk through the valley of the shadow of death, I will fear no evil, for you are with me; your rod and your staff, they comfort me.

To make peace is to desire harmony with others. It doesn't mean complete settlement with others, but a desire to work together. Unity in diversity is a blessed culture of our great nation India. In ***Psalm 133:1***, we read "Behold how good and pleasant it is when brothers dwell in unity!" we all say and wish when a person dies RIP "Rest in Peace"; why can't we live in peace and die in peace. *St. Gregory of Nyssa* points to this when he writes, "Peace is defined as harmony among those who are divided. When, therefore, we end the civil war within our nature and cultivate peace within ourselves, we become at peace."

"When we compare the response of annunciation to Zechariah and Mary we can see it was not same because they both had different responses. Zechariah asked 'how it is possible' but Mary asked 'how it will be so'. The angels' response to Zechariah and Mary are also very important to be thought about as Zechariah got punished for his response while Mary received an answer and a sign for her question. Zechariah being a priest had the knowledge of many things yet behaved with lacking in it but whereas Mary even though was a very young girl acted with wisdom.

In our liturgy also we hear about this like 'it's alright if you have less knowledge and do not do something but with having knowledge and not doing the same will result in higher punishment'.

St. Mary shows us a path to get closer to God, she didn't become pure after being called she was selected to be the chosen vessel of God by her purity of life. Her obedience to submit to the will of God made her the 'The Second Heaven'. We can also try to climb the ladder to ascend into heaven by

1. Purity
2. Obedience
3. Submission to the will of God

Purity

Purity is not common, Purity is clarity. We need to have purity in charity, words, thoughts and actions. Blessed is the pure for they shall see God. During the evening prayer of Thursday evening prayers of the Shehimo (Book of common prayers) we sing "O God who is pure- and who loves the pure. Grand purity of heart to us at all times. Remove from us all- vain concerns and thoughts and cares that are not pleasing to you, O Lord".

Purity means deciding to love God more than anything or anyone else, and showing that love by wholeheartedly dedicating our life to God. It's important to follow purity because the more pure you become, the more you'll grow into the being God intends you to grow into.

Obedience

Obedience has a straight role in salvation. This can be demonstrated throughout Holy Scripture especially Mary's obedience to Gods call made the disobedience of Eve cease. Mary could have rejected the annunciation but being humble and obedient she says 'Thy will be done' "Not everyone who says to Me, "Lord, Lord," shall enter into the Kingdom of Heaven, but he who does the will of My Father in Heaven" ***St. Matthew 7:21***. *St. Anthony the Great*, said, "Obedience with abstinence gives men power over wild beasts." Obedience is better than sacrifice.

Submitting to the will of God

"In the measure to which a man cuts off and humbles his own will, he proceeds toward success. But to the extent that he stubbornly guards his own will, so much does he bring harm to himself." -St. *Ephrem the Syrian.*

Trust in the Lord with all your heart and lean not on your own understanding; in all your ways submit to him, and he will make your paths straight. ***Proverbs 3:5-6***

Mary says clearly 'I am the Lord's servant, let it happen to me as you have said'. When we read the Holy Scriptures we see people trying to go against the will of God and had to receive chastisement to be corrected. Here we see Mary blindly submitting herself to God just like a child who trust his Father.

"Completely have trust in God, leave everything in His hands, and believe that His love will act for your own benefit. Then God will take care of everything, because there is nothing He cannot do; everything is easy for Him. The difficult thing is for man to decide to humble himself and leave everything to God's providence and love." – Saint Paisios of Mount Athos.

Let us also be prepared like holy St. Mary, to be chosen by God for His Glory. Let us respond to our calling and live a holy life pleasing to God with obedience and purity, so that in His second coming we will stand with face of glory and wouldn't be ashamed before His throne. ❑



പരിശുദ്ധ കാതോലിക്കാ ബാവാ പഴഞ്ഞി കത്തീഡ്രലിൽ ശ്ലൈഹിക സന്ദർശനം നടത്തി.



അടുപ്പുട്ടി സെന്റ് മേരി മഗ്ദലിൻ കോൺവെന്റിന്റെ സ്ഥാപകരിൽ ഒരാളും മുൻകാല മദർ സുപ്പീരിയറും പ്രധാന അദ്ധ്യാപികയുമായ മദർ ബർബാറ ഒ.സി.സി. യുടെ ഒന്നാം ഓർമ്മയിൽ വി. കുർബ്ബാനക്ക് പരിശുദ്ധ കാതോലിക്കാ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ സഹകാർമ്മികനായിരുന്നു.



സംസ്ഥാന മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പിൽ 10000 മീറ്ററിൽ വെള്ളിയും 5000 മീറ്ററിൽ വെങ്കലവും നേടിയ ഫാ. ജോബി കെ.ജോൺ (അധ്യാപകൻ, മാവേലിക്കര എ.ആർ.രാജരാജവർമ സ്മാരക ഗവ.എച്ച്എസ്എസ്).

‘വാത്സല്യ മക്കളെ, സഭയെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കണം. സഭയുടെ അഖണ്ഡതയ്ക്കും സ്വാതന്ത്ര്യത്തിനും സ്വയംശീർഷകത്വത്തിനും എതിരായ ഒന്നും ഒരുനാളും പ്രവർത്തിക്കരുത്.‘

– പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ

(2006 സെപ്റ്റംബർ 21–ാം തീയതി പരുമലയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്നും.)



പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് പഴഞ്ഞി മാർ ഡയനീഷ്യസ് കോളജ് സ്വീകരണം നൽകി.



പത്താം ഓർമ്മപ്പെരുന്നാൾ

ന്യൂ ഡൽഹി: ഡൽഹി ഭദ്രാസനാധിപനും, പത്തനാപുരം മൗണ്ട് താബോർ ദയറാ അംഗവുമായിരുന്ന ഇയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ പത്താം ശ്രാദ്ധപ്പെരുന്നാൾ ഡൽഹി ഭദ്രാസന ആസ്ഥാനത്ത് നടത്തപ്പെട്ടു.

ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസിന്റെ സാന്നിധ്യത്തിൽ അഹമ്മദാബാദ് ഭദ്രാസനത്തിൻ കീഴിൽ പ്രവർത്തിച്ച് വരുന്ന രാജസ്ഥാനിലെ ‘ജ്യോതിസ്സ് ആശ്രമം’ മാനേജറും പീലക്സീനോസ് തിരുമേനിയുടെ ശിഷ്യനുമായ ഫീലിപ്പോസ് റമ്പാൻ വി. കുർബാന അർപ്പിച്ചു.

തന്റെ ഗുരുനാഥന്റെ ഓർമ്മയിൽ അദ്ദേഹത്തിന്റെ ആസ്ഥാനത്ത് തന്നെ വി. കുർബാന അർപ്പിക്കാൻ ദൈവം നൽകിയ വലിയ അവസരത്തിനുള്ള കൃതജ്ഞത റമ്പാച്ചൻ പ്രാർത്ഥനാപൂർവ്വം അനുസ്മരിച്ചു.

കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചു കൊണ്ട് നടന്ന ശ്രാദ്ധ പെരുന്നാളിൽ ഡൽഹി ഭദ്രാസന സെക്രട്ടറി ഫാ. സജി യോഹന്നാൻ ഉൾപ്പെടെ ഭദ്രാസനത്തിലെ മുഴുവൻ വൈദികരും വിശ്വാസികളും പങ്കെടുത്തു.



Kerala Council of Churches Women's Commission Convener (Ernakulam district) കേരളാ കൗൺസിൽ ഓഫ് ചർച്ചസ് വിമൻസ് കമ്മീഷൻ കൺവീനർ (എറണാകുളം ജില്ല) ആയി നിയമിതയായ പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളി (കണ്ടനാട് ഈസ്റ്റ്) ഇടവകാംഗം ജയ ചാക്കോച്ചൻ.



പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് മലബാർ ഭദ്രാസനം നൽകിയ സ്വീകരണം.





പരിശുദ്ധ കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ടും, ഓഫീസ് സെക്രട്ടറിയായി ഫാ. അനീഷ് സാമും ചുമതല ഏറ്റെടുത്തു.

ദൈവമാതാവ്



പൗരസ്ത്യ ക്രൈസ്തവസഭാ പാരമ്പര്യത്തിൽ ദൈവമാതാവിനെ സംബന്ധിച്ചുള്ള വിശ്വാസത്തിന് കൂടുതൽ മിഴിവും ആഴവും നൽകിയിട്ടുള്ളതായി കാണാം. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥതയ്ക്കു പ്രത്യേക പ്രാർത്ഥനകളും നമസ്കാരങ്ങളും പിതാക്കന്മാരാൽ എഴുതപ്പെട്ടിട്ടുമുണ്ട്.

നമ്മുടെ ദൈനംദിനമുള്ള ജീവിതത്തിൽ മാതാവിന്റെ ജീവിതത്തെ എത്രമാത്രം അനുകരിക്കാമെന്നുള്ളതാണ് ഈ പുസ്തകത്തിന്റെ പ്രമേയം.

Meditations എന്ന ശീർഷകത്തിൽ 8 ധ്യാനങ്ങളും retreats എന്ന ശീർഷകത്തിൽ 7 ധ്യാനങ്ങളും ഉൾകൊള്ളിച്ചിരിക്കുന്നു. സിസ്റ്റർ മാർത്താ SIC യുടെ 41-ാം ചരമദിനത്തിൽ ഈ ഗ്രന്ഥം പ. കാതോലിക്കാബാവാ ജോഷ്വാ മാർ നിക്കോദിമോസിനു നൽകി പ്രകാശനം ചെയ്തു. ബഥനി ആശ്രമത്തിന്റെ പ്രസിദ്ധീകരണ വിഭാഗമായ ബഥനി മീഡിയാ ഹൗസ് ആണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. Contact For soft copy: 9496305811



കോഴിക്കോട് മെഡിക്കൽ കോളജ് ഗ്രൗണ്ടിൽ നടന്ന സംസ്ഥാന മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 80 വയസ്സിനു മുകളിലുള്ളവരുടെ ലോങ് ജമ്പിൽ ഒന്നാം സ്ഥാനം നേടിയ പിറവം മുൻ എം.എൽ.എ. എം. ജെ. ജേക്കബ്. 80 മീറ്റർ ഹർഡിൽസിലും ജേക്കബ് ഒന്നാം സ്ഥാനം നേടി.

സെൻറ് എഫ്രേം അക്കാഡമി, ചെന്നൈ

ചെന്നൈ: മദ്രാസ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ 2021 മെയ് മാസത്തിൽ പ്രവർത്തനം ആരംഭിച്ച സംഗീത വിഭാഗമാണ് സെൻറ് എഫ്രേം അക്കാഡമി. പിയാനോ പരിശീലന ക്ലാസോടു കൂടിയാണ് അക്കാഡമിയുടെ പ്രവർത്തനം ആരംഭിച്ചത്. അക്കാഡമിയുടെ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടത്തിലേക്ക് വ്യാപിപ്പിക്കുകയാണ്. ഗിത്താർ, ഊക്കുലേല (Guitar & Ukulele) ഉപകരണ പരിശീലനം, ശാസ്ത്രീയ (കർണാടക സംഗീതം) - പാശ്ചാത്യ സംഗീത (Classical & Western) പഠന ക്ലാസുകൾ ഓൺലൈനായി ആരംഭിക്കുകയാണ്. ഓൺലൈൻ ക്ലാസുകളിൽ പഠിക്കുവാൻ താൽപര്യമുള്ളവർക്ക് താഴെ നൽകിയിരിക്കുന്ന ലിങ്കിൽ പ്രവേശിച്ച് നവംബർ 20-ന് മുമ്പായി രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക, ഫാ. നിഖിൽ അലക്സ് തരകൻ, +91 8593919687. https://forms.gle/BKHino75cU4RsiyGA



കേരള സർക്കാരിന്റെ മികച്ച സേവനത്തിനുള്ള കേരള ചീഫ്മിനിസ്റ്റേഴ്സ് അവാർഡ് ബാബു ജോൺ ട്രാൻസ്പോർട് കമ്മീഷണർ എം. ആർ. അജിത് കുമാറിൽ നിന്നും സ്വീകരിച്ചു. ആലുവാ തൃക്കുന്നത് സെമിനാരി ചാപ്പൽ ഇടവകാംഗമാണ്.

പഴയ സെമിനാരിയിൽ ഓർമ്മപ്പെരുന്നാൾ 21 മുതൽ 24 വരെ

കോട്ടയം: സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിന്റെ 203-ാമതും പൗലോസ് മാർ ഗ്രീഗോറിയോസിന്റെ 25-ാമതും ഓർമ്മപ്പെരുന്നാൾ 21 മുതൽ 24 വരെ നടക്കും.

പെരുന്നാളിനോടനുബന്ധിച്ച് പ. മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവായ്ക്ക് സ്വീകരണവും പൗലോസ് മാർ ഗ്രീഗോറിയോസ് ചരമ ജൂബിലി സമ്മേളനവും പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ അനുസ്മരണവും നടത്തും.

21-ന് രാവിലെ 7-ന് വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ പെരുന്നാൾ കൊടിയേറ്റ് നടത്തും. 23 ന് ഉച്ചക്ക് 3-ന് പഴയ സെമിനാരിയിൽ എത്തുന്ന പ. മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവായ്ക്ക് സ്വീകരണം. തുടർന്ന് നടക്കുന്ന പൊതുസമ്മേളനം സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് ഉദ്ഘാടനം ചെയ്യും.

സെമിനാരി പ്രിൻസിപ്പാൾ ഇൻ ചാർജ് ഫാ. ഡോ. റെജി മാത്യു അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ പ. കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് മുഖ്യപ്രഭാഷണം നടത്തും.

പഴയ സെമിനാരി മാനേജർ ഫാ. ജോബിൻ കെ. വർഗീസ്, റവ. ഡോ. കോശി പി. വർഗീസ്, ഡോ. സാം വി. ഡാനിയേൽ, ഡോ. പി. ആർ. സോന, ഡീക്കൻ ജിത്തു വർഗീസ്, ഫാ. ഡോ. സജി അമയിൽ, ഫാ. കെ. വി. ഏലിയാസ് എന്നിവർ പ്രസംഗിക്കും.

വൈകിട്ട് 5-ന് നടക്കുന്ന പൗലോസ് മാർ ഗ്രിഗോറിയോസ് ചരമ രജത ജൂബിലി സമ്മേളനം പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ ഫിലസോഫിക്കൽ കോൺഗ്രസ് ജനറൽ സെക്രട്ടറി ഡോ. എസ്. പനീർ സെൽവം മുഖ്യപ്രഭാഷണം നടത്തും. സോപാന അക്കാദമി ഡയറക്ടർ ഫാ. ഡോ. കെ. എം. ജോർജ് അനുസ്മരണ പ്രഭാഷണം നടത്തും. ഫാ.ഡോ. നൈനാൻ കെ. ജോർജ്, ഫാ. ഡോ. ഷാജി പി. ജോൺ എന്നിവർ പ്രസംഗിക്കും.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ഹുമൻ പ്രസൻസ് എന്ന ഗ്രന്ഥത്തിന്റെ വിവർത്തനമായ മനുഷ്യ സാന്നിധ്യം എന്ന കൃതി പ. ബാവ പ്രകാശനം ചെയ്യും. വൈകിട്ട് 7 ന് നടക്കുന്ന ധ്യാനത്തിൽ ഫാ. ഡോ. ബിജേഷ് ഫിലിപ്പ് പ്രസംഗിക്കും.

24-ന് രാവിലെ 7.30-ന് പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമികത്വത്തിൽ മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് പ്രദക്ഷിണവും ശ്ലൈഹിക വാഴ്വും നടത്തും.

11-ന് നടക്കുന്ന പൗലോസ് ദ്വീതിയൻ കാതോലിക്കാ ബാവ അനുസ്മരണ സമ്മേളനം പ. മാത്യൂസ് തൃതിയൻ കാതോലിക്ക ബാവ ഉദ്ഘാടനം ചെയ്യും. മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി അനുസ്മരണ പ്രഭാഷണം നടത്തും. ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, പഴയസെമിനാരി മാനേജർ ഫാ. ജോബിൻ വർഗീസ് എന്നിവർ പ്രസംഗിക്കും.

പ. പൗലോസ് ദ്വിതിയൻ സ്മാരക എൻഡോവ്മെന്റിന്റെ ഉദ്ഘാടനവും ദീപ്തി മാഗസിന്റെ പ്രകാശനവും പ.ബാവ നിർവ്വഹിക്കും.



പരിശുദ്ധ പരുമല തിരുമേനി ശിലാസ്ഥാപനം നിർവഹിച്ച അടൂർ കടമ്പനാട് ഭദ്രാസനത്തിലെ പറക്കോട് സെൻറ് പീറ്റേഴ്സ് & സെൻറ് പോൾസ് ഓർത്തഡോക്സ് വലിയപള്ളിയുടെ ശതോത്തര രജതജൂബിലിയോടനുബന്ധിച്ച് നടത്തുന്ന ദീപശിഖാ പ്രയാണത്തിന് പരിശുദ്ധന്റെ കബറിടത്തിൽനിന്ന് സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ് തിരിതെളിയിച്ച് തുടക്കം കുറിച്ചു. ഇടവക വികാരി ഫാ. ഉമ്മൻ മട്ടയ്ക്കൽ, ജാഥാ ക്യാപ്റ്റൻ ബൈജു തോമസ്, ഇടവക യുവജനപ്രസ്ഥാനം സെക്രട്ടറി ഷിഫിൻ തോമസ്, ജൂബിലി ജോയിന്റ് കൺവീനർ ജിത്തു ജെറോം പറക്കോട്, ബിബിൻ ബേബി ജോൺ, ഷിജു തോമസ് എന്നിവർ പങ്കെടുത്തു.



എയ്റോനോട്ടിക്കൽ ആൻഡ് ഓട്ടമൊബീൽ എൻജിനീയറിങ്ങിൽ (മണിപ്പാൽ അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻ) പിഎച്ച്ഡി നേടിയ വാഴൂർ പുളിക്കൽ കവല മറ്റത്തിൽ സോജൻ ആൻഡ്രൂസ് സഖറിയ. എം.എ.അന്ത്രയോസിന്റെയും അന്നമ്മയുടെയും മകനാണ്. ഇലക്ട്രോണിക്സിൽ ഗവേഷണപഠനം നടത്തുന്ന മേരി ആൻ ജോർജാണ് ഭാര്യ. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ സഹോദര പുത്രനാണ് സോജൻ.

"തിന്മ ചെയ്യുന്നവനോടു മുഷിയുകയോ നീതികേടു പ്രവർത്തിക്കുന്നവരെക്കുറിച്ചു കുണ്ഠിതപ്പെടുകയോ അരുത്. അവർ പുല്ലുപോലെ ഉണങ്ങിപ്പോകും. അവർ വെട്ടിയ പച്ചച്ചെടിപോലെ വാടും."

(സങ്കീർത്തനം 37:1-2)



സിസ്റ്റർ റെയ്ച്ചൽ അന്തരിച്ചു

തിരുവനന്തപുരം ഹോളി ക്രോസ്സ് കോൺവന്റ് അംഗം സിസ്റ്റർ റെയ്ച്ചൽ അന്തരിച്ചു. പട്ടമല സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകയിൽ കിഴക്കേത്തെരുവ് വടകോടൻ പടിഞ്ഞാറ്റേതിൽ വീട്ടിൽ പരേതനായ മത്തായിയുടെ മകളാണ്.